# രക്ഷയുടെ പാതയിൽ

സീറോ മലബാർ സഭയുടെ
വിശ്വാസ പരിശീലന പാഠാവലി

## അദ്ധ്യാപക സഹായി

സ്റ്റാൻഡേർഡ് – 2

# രക്ഷകനായ ദൈവം

*Prepared & Published by*

**SYRO-MALABAR CATECHETICAL CENTRE**
**MOUNT ST. THOMAS, KAKKANAD, KOCHI- 30**

*Title :*
**RASHAKANAYA DAIVAM**
**(Malayalam)**

*Text Prepared by*
FR. JOSE PUTHIYEDATH

*Published by*
SYRO-MALABAR CATECHETICAL CENTRE
MOUNT ST. THOMAS, KAKKANAD, KOCHI- 30

*Distributed by*
SMCC, MOUNT ST. THOMAS
KAKKANAD, KOCHI-30

*Printed at*

Year of Publication 2009
Price : Rs. 15/-

# ആമുഖം

നിങ്ങൾ നന്നേ ചെറുപ്പത്തിൽ മതബോധനക്ലാസ്സിൽ പഠിച്ചിരുന്ന നാളുകളെക്കുറിച്ച് ഓർമ്മിക്കുവാൻ കഴിയുമോ? അവിടെ നിങ്ങൾ ഏറ്റവും ഇഷ്ടപ്പെട്ട കാര്യങ്ങൾ എന്തൊക്കെയായിരുന്നു? അവയെല്ലാം ഇന്ന് നിങ്ങൾ പഠിപ്പിക്കുന്ന കുട്ടികൾക്കും നൽകേണ്ടതല്ലേ? സൺഡേ സ്കൂളിൽ നിന്ന് നിങ്ങൾക്ക് ഉണ്ടായിട്ടുള്ള സന്തോഷാനുഭവങ്ങൾ ഓർമ്മയില്ലേ? അത്തരം അനുഭവങ്ങൾ ഇന്നത്തെ കുട്ടികൾക്കും നൽകണ്ടേ?

അക്കാലത്ത് നിങ്ങൾക്ക് പ്രയാസമുണ്ടാക്കിയ കാര്യങ്ങൾ ഓർക്കുന്നുണ്ടോ? മതബോധനത്തിലുള്ള താൽപര്യം കുറയ്ക്കുന്ന എന്തെങ്കിലും അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടോ? എങ്കിൽ അവയൊന്നും നമ്മുടെ കുട്ടികൾക്ക് ഉണ്ടാകാതെ നോക്കേണ്ടതല്ലേ?

നിങ്ങളുടെ മുന്നിലിരിക്കുന്ന രണ്ടാം ക്ലാസ്സിലെ കുട്ടികൾക്ക് ശരിയായ വിശ്വാസപരിശീലനം നൽകാനുള്ള പരിശ്രമത്തിൽ മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് പ്രാധാന്യമുണ്ട്.

ഒപ്പം മറ്റൊരു കാര്യവും കൂടി ഓർമ്മിക്കണം. കാലം മാറിക്കൊണ്ടിരിക്കുകയാണ്. കുട്ടികളുടെ ജീവിതസാഹചര്യങ്ങളിലും അനുഭവങ്ങളിലും അഭിരുചികളിലും മാറ്റങ്ങൾ ഏറെയുണ്ട്. അതു പരിഗണിച്ചാലേ മതിയാവൂ. അതേസമയം മാറ്റങ്ങളുടെ ലോകത്ത് മാറ്റമില്ലാത്ത ദൈവത്തെയും മാറ്റം വരാത്ത ക്രിസ്തീയ സത്യങ്ങളെയും കുട്ടികളിൽ ഉറപ്പിക്കുകയാണ് മതബോധനത്തിന്റെ ലക്ഷ്യം. അതിന് ഉപകരിക്കുന്ന പുതിയ പാഠപുസ്തകമാണ് നിങ്ങൾക്ക് പഠിപ്പിക്കാനുള്ളത്. പാഠപുസ്തകത്തോടൊപ്പം അദ്ധ്യാപകർക്കായി പ്രത്യേകം തയ്യാറാക്കിയ അദ്ധ്യാപകസഹായിയാണ് നിങ്ങളുടെ കൈയ്യിലുള്ളത്. കഴിവുകൾ വളർത്തിയും കുറവുകൾ പരിഹരിച്ചും നല്ലൊരു അദ്ധ്യാപകൻ /അദ്ധ്യാപിക ആയിത്തീരാൻ ഇതു നിങ്ങളെ സഹായിക്കും.

# അദ്ധ്യാപകസഹായി എന്ത്? എന്തിന്?

## ഒരു അദ്ധ്യാപക സഹായി

- പാഠപുസ്തകത്തിന്റെ അനുബന്ധമാണ്
- അദ്ധ്യാപകന്റെ വഴികാട്ടിയാണ്
- പാഠങ്ങളുടെ വ്യാഖ്യാന രൂപമാണ്

ഒരു അദ്ധ്യാപകസഹായി പലവിധത്തിൽ അദ്ധ്യാപകന് / അദ്ധ്യാപികയ്ക്ക് ഉപകരിക്കുന്നു:

- പാഠങ്ങൾ ശരിയായി മനസ്സിലാക്കാൻ
- പാഠങ്ങൾ നേരായ മാർഗ്ഗത്തിൽ പഠിപ്പിക്കാൻ
- പാഠങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾ സ്വയം ദൂരീകരിക്കാൻ
- കുട്ടികളുടെ സംശയങ്ങൾക്ക് തൃപ്തികരമായ മറുപടി നൽകാൻ
- ക്ലാസ്സിലെ പ്രവർത്തനങ്ങൾ ശരിയായി സംഘടിപ്പിക്കാൻ
- ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ
- പാഠപുസ്തകം പൂർണ്ണമായി ഉപയോഗപ്പെടുത്താൻ
- അധിക വിവരങ്ങൾ ശേഖരിക്കാൻ
- സ്വന്തം അധ്യാപനരീതികളെ മെച്ചപ്പെടുത്താൻ
- പുതിയ പാഠപുസ്തകത്തിന്റെ സമീപനം ഉൾക്കൊണ്ടു നടപ്പിലാക്കാൻ

**അദ്ധ്യാപനവുമായി ബന്ധപ്പെട്ട മൂന്ന് പ്രധാന ചോദ്യങ്ങളുണ്ട്**

1. എന്താണ് പഠിപ്പിക്കേണ്ടത്? എന്ത് ലക്ഷ്യത്തോടെയാണ് പഠിപ്പിക്കേണ്ടത്?
2. ആരെയാണ് പഠിപ്പിക്കേണ്ടത്?
3. എങ്ങനെയാണ് പഠിപ്പിക്കേണ്ടത്?

മതബോധനപ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ അദ്ധ്യാപകരും ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടതാണ്.

**1. മതബോധനം എന്തെന്ന് അറിയണം**

മാമ്മോദീസ സ്വീകരിച്ചവരെ ക്രിസ്തീയ വിശ്വാസത്തിന്റെ പക്വതയിലേക്കും ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിലേക്കും നയിച്ചുകൊണ്ട് ക്രിസ്തുവിൽ വളരുവാൻ സഹായിക്കുകയാണ് മതബോധനത്തിന്റെ അടിസ്ഥാന ലക്ഷ്യം. ഇതിനായി വിശ്വാസ

ത്തിന്റെ അറിവിലേക്കും അനുഭവത്തിലേക്കും ജീവിതത്തിലേയ്ക്കും കുട്ടികൾക്ക് വഴികാട്ടുകയാണ് ശരിയായ വിശ്വാസപരിശീലനം. "മിശിഹാ നിങ്ങളിൽ രൂപപ്പെടുവോളം ഞാൻ ഈറ്റുനോവനുഭവിക്കുന്നു" എന്ന വി. പൗലോസിന്റെ തീക്ഷ്ണതയാവണം മതബോധനത്തിന്റെ പ്രചോദനഹേതു. പരിശുദ്ധ ത്രിത്വത്തിലുള്ള സഭയുടെ അടിസ്ഥാന വിശ്വാസത്തിന്റെ ബാലപാഠങ്ങളിലേക്ക് കുട്ടികളെ ആനയിക്കുക, കൂദാശകളെക്കുറിച്ച് അറിവു നൽകുക എന്നിവയ്ക്കാണ് പ്രാഥമിക ക്ലാസ്സുകളിലെ മതബോധനത്തിൽ ഊന്നൽ നൽകുന്നത്. എന്താണ് പഠിപ്പിക്കേണ്ടത് എന്ന ചോദ്യത്തിന്റെ ആന്തരാർത്ഥം ഈ വിധത്തിൽ നാം ഗ്രഹിക്കണം.

## 2. കുട്ടികളെ അറിയണം

നാം പഠിപ്പിക്കേണ്ടതും വിശ്വാസപരിശീലനം നൽകേണ്ടതും കുട്ടികൾക്കാണ്. അവരെ നാം ശരിയായി മനസ്സിലാക്കണം. കുട്ടികളുടെ പ്രായം, പ്രകൃതം, കഴിവുകൾ, കുറവുകൾ, താൽപര്യങ്ങൾ, സാധ്യതകൾ എന്നിവയെല്ലാം അറിയണം.

കുട്ടികളുടെ കഴിവുകളെക്കുറിച്ച് ഒന്നോർത്തു നോക്കൂ. അവർക്ക് എന്തെല്ലാം ചെയ്യാൻ കഴിയും?

- ചിരിക്കാൻ
- കരയാൻ
- ചിന്തിക്കാൻ
- കാണാൻ
- കേൾക്കാൻ
- ഓടാൻ
- ചാടാൻ
- കളിക്കാൻ
- സംസാരിക്കാൻ... ഇങ്ങനെ ഒത്തിരിയൊത്തിരി കാര്യങ്ങൾ ചെയ്യാൻ സാധിക്കും.

കുട്ടികളുടെ സംസാരിക്കാനുള്ള കഴിവുമാത്രം പരിഗണിച്ചാലോ? ഏതൊക്കെ വിധത്തിലുള്ള സംസാരരീതികൾ കുട്ടികൾ ക്ലാസ്സിൽ പ്രകടിപ്പിക്കും? നിരവധി കാര്യങ്ങൾ വാമൊഴിയിലൂടെ കുട്ടികൾക്ക് ചെയ്യാനുള്ള കഴിവുണ്ട്? അവയൊന്ന് നമുക്ക് കുറിച്ചുവയ്ക്കാം.

♦ കഥ പറയാൻ
♦ പാട്ടുപാടാൻ

- ചോദ്യം ചോദിക്കാൻ
- ഉത്തരം പറയാൻ
- വിശേഷങ്ങൾ പങ്കുവയ്ക്കാൻ
- അറിയാവുന്ന കാര്യങ്ങൾ വിവരിക്കാൻ
- ഭാവനാപരമായി ചിന്തിച്ചുപറയാൻ
- സംഭവങ്ങളെക്കുറിച്ച് വിവരിക്കാൻ
- പരാതികൾ പറയാൻ
- നിർദ്ദേശങ്ങൾ ഉന്നയിക്കാൻ
- ചിത്രം നോക്കി ആശയം പറയാൻ...

**കളിക്കാൻ ഇഷ്ടപ്പെടുന്ന കുട്ടികൾക്ക് അതിലൂടെ സാധിക്കുന്ന ഒത്തിരികാര്യങ്ങളുണ്ട്. അവ എന്തൊക്കെയാവാം?**

- നിർദ്ദേശങ്ങൾ മനസ്സിലാക്കാൻ
- നിയമങ്ങൾ അനുസരിക്കാൻ
- നിയമം തെറ്റിച്ചാൽ പ്രതികരിക്കാൻ
- തെറ്റുകൾ തിരുത്താൻ
- സന്തോഷം പ്രകടിപ്പിക്കാൻ
- വികാരങ്ങൾ പ്രകടിപ്പിക്കാൻ
- സംഘമായി പ്രവർത്തിക്കാൻ
- പ്രവർത്തനങ്ങളിൽ ഉത്സാഹത്തോടെ ഏർപ്പെടാൻ....

കുട്ടികളെക്കുറിച്ച് അറിയാൻ ഇങ്ങനെ ഒട്ടേറെ കാര്യങ്ങളുണ്ട്. അദ്ധ്യാപകൻ / അദ്ധ്യാപിക അവയെല്ലാം അറിഞ്ഞിരുന്നാൽ അദ്ധ്യാപനം കൂടുതൽ അർത്ഥവത്താകും.

കുട്ടികളെ മനസ്സിലാക്കാൻ അദ്ധ്യാപകരെ സഹായിക്കുന്ന പല മാർഗ്ഗങ്ങളുണ്ട്.

- ☐ കുട്ടികളുമായുള്ള ഇടപെടൽ
- ☐ സൂക്ഷ്മനിരീക്ഷണം
- ☐ ശിശുമനഃശാസ്ത്രത്തിലുള്ള അറിവ്
- ☐ അത്തരം പുസ്തകങ്ങളുടെ വായന

## 3. പഠനരീതി അറിയണം

പുതിയ കാലം, പുതിയ കുട്ടികൾ, പുതിയ പാഠപുസ്തകം... ഇങ്ങനെയൊരു പുതിയ സാഹചര്യത്തിൽ പുത്തൻപഠനരീതികൾ നാം കുട്ടികൾക്ക് നൽകണം. അദ്ധ്യാപനത്തിൽ നൂതനമാർഗ്ഗങ്ങൾ സ്വീകരിക്കണം.

നേരത്തെ നാം കണ്ടതുപോലെ നാനാതരം കഴിവുകൾ ഓരോ കുട്ടിയിലുമുണ്ട്. അവ യഥോചിതം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പഠനസമ്പ്രദായമാണ് വേണ്ടത്. കളിക്കാനും പ്രവർത്തിക്കാനും ഉത്സാഹമുള്ള കുട്ടികൾക്ക് നാം അതിനവസരം നൽകണം. ഈ വിചാരത്തോടെയാണ് പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

കേൾക്കാൻ മാത്രമല്ല, പറയാനും കാണാനും വരയ്ക്കാനും എഴുതാനും കളിക്കാനും ഒക്കെ പറ്റിയ നിരവധി പ്രവർത്തനങ്ങൾ പാഠപുസ്തകത്തിലുണ്ട്. അവയൊന്നും നിസ്സാരങ്ങളല്ല. ലളിതമാണെങ്കിലും ഓരോ പ്രവർത്തനത്തിലൂടെയും നമ്മുടെ വിശ്വാസത്തിന്റെ വിവിധ അംശങ്ങളാണ് കുട്ടികൾ നേടുന്നത്. ഈശോയെയും അവിടുന്ന് നൽകുന്ന രക്ഷയേയും കുട്ടികൾക്ക് നൽകാനുള്ള പരിശ്രമത്തിൽ കഴിവുള്ള എല്ലാ മാർഗ്ഗങ്ങളും നാം ഉപയോഗിക്കേണ്ടതാണ്. അതിനുവേണ്ടി പുതിയ ബോധനരീതികൾ ഗ്രഹിക്കാൻ മതാദ്ധ്യാപകർ തയ്യാറാകണം. ഇക്കാര്യത്തിൽ അദ്ധ്യാപകർക്ക് ഒരളവുവരെ സഹായമേകാൻ ഈ അദ്ധ്യാപക സഹായിക്കു കഴിയും. കിട്ടാവുന്ന ഇടങ്ങളിൽ നിന്നൊക്കെ അദ്ധ്യാപനരീതികളിലുള്ള അറിവും പരിചയവും അദ്ധ്യാപകൻ നേടിയെടുക്കാൻ ശ്രമിക്കേണ്ടതുമാണ്.

## പ്രവർത്തനങ്ങളുടെ സവിശേഷതകൾ

മതബോധനക്ലാസ്സിൽ അവതരിപ്പിക്കുന്ന ഏതു പ്രവർത്തനവും വിജയിക്കണമെങ്കിൽ അതിന് ചില സവിശേഷതകൾ ഉണ്ടാകണം. എങ്കിലേ അതുകൊണ്ട് ഫലം കിട്ടുകയുള്ളൂ.

എന്തൊക്കെയാവും ആ സവിശേഷതകൾ?

പഠനത്തിനുവേണ്ടി നാം നൽകുന്ന ഒരു പ്രവർത്തനം-

- കുട്ടികളിൽ താൽപര്യം ഉണ്ടാക്കുന്നത്
- കുട്ടികളുടെ പ്രകൃതത്തിന് ചേർന്നത്
- കുട്ടികൾക്ക് സ്വാതന്ത്ര്യം നൽകുന്നത്
- ഒരു ലക്ഷ്യത്തെ മുൻനിറുത്തിയുള്ളത്
- വിഷയവുമായി ബന്ധമുള്ളത്
- സമയബന്ധിതമായി ചെയ്യാവുന്നത്
- കുട്ടികളുടെ നിലവാരത്തിന് യോജിക്കുന്നത്
- കുട്ടികളിൽ വെല്ലുവിളി ഉയർത്തുന്നത്
- അദ്ധ്യാപകന് / അദ്ധ്യാപികയ്ക്ക് വിലയിരുത്തുവാൻ കഴിയുന്നത് ആയിരിക്കണം.

പാഠപുസ്തകത്തിലെയും അദ്ധ്യാപകസഹായിയിലെയും പ്രവർത്തനങ്ങൾ കുട്ടികൾക്കു നൽകുമ്പോഴും പുതിയ പ്രവർത്ത

നങ്ങൾ അദ്ധ്യാപകർ കണ്ടെത്തുമ്പോഴും ഇപ്പറഞ്ഞ സവിശേഷതകൾ ഓർമ്മയിൽ സൂക്ഷിക്കണം.

### അദ്ധ്യാപകൻ / അദ്ധ്യാപിക പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. എല്ലാ കുട്ടികൾക്കും പാഠപുസ്തകം ഉണ്ടെന്ന് ഉറപ്പുവരുത്തണം. അതു തുടക്കത്തിലെ വാങ്ങാൻ നിർദ്ദേശിക്കുകയും വേണം.
2. ഒന്നും രണ്ടും ക്ലാസ്സുകളിൽ വരയ്ക്കാനും നിറം കൊടുക്കാനുമുള്ള നിരവധി അവസരങ്ങളുണ്ട്. അതിനാൽ എല്ലാ കുട്ടികൾക്കും പലനിറത്തിലുള്ള സ്കെച്ച് പേനയോ, കളർപെൻസിലോ, ക്രെയോൺസോ ഉണ്ടായിരിക്കണം. പാഠപുസ്തകത്തോടൊപ്പം ഇതും കുട്ടികൾ ക്ലാസ്സിൽ കൊണ്ടുവരേണ്ടതാണ്.
3. പാഠപുസ്തകത്തിൽ വരയ്ക്കാനും എഴുതാനുമുള്ള കാര്യങ്ങൾ ക്ലാസ്സിൽ വച്ചുമാത്രം ചെയ്യാനുള്ളതാണ്. ഇക്കാര്യം മുൻകൂട്ടി കുട്ടികളെ ബോധ്യപ്പെടുത്തണം. അദ്ധ്യാപകന്റെ / അദ്ധ്യാപികയുടെ നിർദ്ദേശാനുസരണം മാത്രമേ കുട്ടി പാഠപുസ്തകം ഉപയോഗിക്കാവൂ.
4. കുട്ടികൾക്ക് വീട്ടിൽ വച്ച് ചെയ്യാനുള്ള അധിക പ്രവർത്തനങ്ങൾ നൽകാവുന്നതാണ്. അത് വ്യക്തമായി പറഞ്ഞുവിടണം. അങ്ങനെ വരയ്ക്കാനും എഴുതുവാനും ചിത്രങ്ങൾ ഒട്ടിക്കാനുമൊക്കെ പ്രത്യേകം നോട്ടുബുക്ക് കുട്ടികൾക്ക് ഉണ്ടായിരിക്കുന്നത് നല്ലതാണ്. അദ്ധ്യാപകന്റെ / അദ്ധ്യാപികയുടെ താൽപര്യം പോലെ, സാഹചര്യങ്ങൾ കണക്കിലെടുത്ത് ഇക്കാര്യം ചെയ്യേണ്ടതാണ്.

## പാഠത്തിലേക്ക് പ്രവേശിക്കുമ്പോൾ

മതബോധനത്തെക്കുറിച്ചും കുട്ടികളെക്കുറിച്ചും പുതിയ പഠനരീതിയെക്കുറിച്ചുമൊക്കെ നാം മനസ്സിലാക്കി. ഇനി ഓരോ പാഠവും പ്രത്യേകമായി വിശകലനം ചെയ്യുകയാണ്. പാഠങ്ങളുടെ വിശകലനത്തിൽ പ്രത്യേകമായൊരു രൂപഘടന സ്വീകരിച്ചിട്ടുമുണ്ട്. അതു താഴെപ്പറയും വിധമാണ്.

### കുട്ടികൾ സ്വായത്തമാക്കേണ്ടവ

ഒരു പാഠത്തിലൂടെ കുട്ടി നേടിയിരിക്കേണ്ട ഉദ്ദേശ്യങ്ങൾ തന്നെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. അവയെ മൂന്നായി തിരിച്ച് അവതരിപ്പിക്കുന്നു. ഒരു പാഠം കുട്ടികൾ പഠിച്ചുകഴിയുമ്പോൾ എന്തൊക്കെ അവർ സ്വന്തമാക്കിയിരിക്കണമെന്ന് അദ്ധ്യാപകന് / അദ്ധ്യാപികയ്ക്ക് വ്യക്തമാകുന്നു. ചോദ്യോത്തരങ്ങൾക്കും പ്രവർത്തനങ്ങൾക്കും അപ്പുറത്ത് കുട്ടികളുടെ വിശ്വാസപരിശീലനത്തിന് ഇപ്പറഞ്ഞ കാര്യങ്ങൾ സ്വായത്തമാക്കിയേ മതിയാവൂ.

- ബോധ്യങ്ങൾ
- മനോഭാവങ്ങൾ
- ശീലങ്ങൾ

എന്നിങ്ങനെ വേർതിരിച്ച് നൽകിയിരിക്കുന്ന കാര്യങ്ങൾ കുട്ടികൾക്ക് പകരാനാണ് നാം മറ്റുകാര്യങ്ങളെല്ലാം ചെയ്യുന്നത്.

**2. അദ്ധ്യാപകൻ / അദ്ധ്യാപിക കരുതേണ്ട ബോധനോപാധികൾ**

ഓരോ പാഠവും നന്നായി അവതരിപ്പിക്കുന്നതിന് ചില പഠനോപകരണങ്ങൾ ആവശ്യമാണ്. ഒന്നാം/രണ്ടാം/മൂന്നാം/നാലാം ക്ലാസ്സിൽ ചിത്രങ്ങൾ, ചാർട്ടുകൾ എളുപ്പത്തിൽ ശേഖരിക്കാവുന്ന വസ്തുക്കൾ എന്നിവയൊക്കെ അദ്ധ്യാപകൻ/അദ്ധ്യാപിക മുൻകൂട്ടി ഒരുക്കി ക്ലാസ്സിൽ കൊണ്ടുപോകണം. അദ്ധ്യാപകസഹായിയിൽ ചേർത്തിരിക്കുന്നവ കൂടാതെ യുക്തമെന്നു തോന്നുന്നവ, ലഭ്യമാണെങ്കിൽ ഉപയോഗിക്കുന്നത് കൂടുതൽ പ്രയോജനകരമായിരിക്കും. അതിനുള്ള ഒരു മാർഗ്ഗനിർദ്ദേശമായി മാത്രം ഇതിലെ സൂചനകൾ കണക്കാക്കിയാൽ മതി.

ഗാനങ്ങൾ, കഥകൾ, കളികൾ, നാടകരൂപങ്ങൾ തുടങ്ങിയവയൊക്കെ ചില പാഠങ്ങളിൽ ആവശ്യമായി വരും. അവയെല്ലാം മനസ്സിലെങ്കിലും തയ്യാറാക്കിയേ ക്ലാസ്സിൽ പോകാവൂ. അവയും ബോധനോപാധികൾ തന്നെയാണ്.

**3. പാഠാവതരണം**

ഓരോ പാഠവും എങ്ങനെ അവതരിപ്പിക്കണം, എവിടെ തുടങ്ങണം, എന്തെല്ലാം കാര്യങ്ങൾ ഉൾക്കൊള്ളിക്കണം എന്നൊക്കെ വിവരിക്കുന്ന ഭാഗമാണിത്. പാഠം തുടക്കം മുതൽ ഒടുക്കം വരെ വായിച്ച് അവതരിപ്പിക്കുന്ന രീതി എന്തായാലും ഒഴിവാക്കണം. കുട്ടികൾക്ക് ആകർഷകമായ വിധത്തിൽ പാഠം തുടങ്ങാനും തുടരാനും അവസാനിപ്പിക്കുവാനും കഴിയണം. അതിനുള്ള ചില സൂചനകൾ പാഠാവതരണഭാഗത്ത് നൽകുന്നുണ്ട്. അവയെക്കാൾ നല്ലതെന്നു തോന്നുന്നവ കണ്ടെത്തിയാൽ അത് ഉപയോഗിച്ചാൽ മതി. ഏറ്റവും കൂടുതൽ ഒരുക്കം ആവശ്യമുള്ള കാര്യമാണ് പാഠവതരണമെന്ന് മറക്കരുത്.

കഥപറച്ചിൽ, ചിത്രവായന, അഭിനയം, റോൾപ്ലേ, പാട്ടുകൾ, സംഭാഷണം, ഗ്രൂപ്പുപ്രവർത്തനം തുടങ്ങി ഏതുവിധത്തിലും പാഠാവതരണമാകാം. അദ്ധ്യാപകന്/അദ്ധ്യാപികയ്ക്ക് താൽപര്യവും കഴിവുമുള്ള ഉപാധികൾ ഉപയോഗിച്ചാൽ കൂടുതൽ കാര്യക്ഷമമാകും. കുട്ടികളെ ഈ വിധ പ്രവൃത്തികളിൽ ഉൾപ്പെടുത്തിക്കൊണ്ടും പാഠം അവതരിപ്പിക്കാവുന്നതാണ്.

**4. പാഠബന്ധിത പ്രവർത്തനങ്ങൾ**

പാഠപുസ്തകത്തിലെ എല്ലാ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള

നിർദ്ദേശങ്ങൾ ചേർത്തിരിക്കുന്നു. ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളും നൽകിയിട്ടുണ്ട്. അത് കണ്ടെത്തി എഴുതാനും സ്വയമേവ എഴുതാനുമുള്ളത് കുട്ടികൾ തനിച്ച് എഴുതട്ടെ. അവർക്ക് സഹായം നൽകിയാൽ മതി. അദ്ധ്യാപക സഹായിയിലെ വാക്കുകളോ, വാക്യങ്ങളോ തന്നെ കുട്ടികൾ എഴുതിക്കാണണമെന്ന് നിർബന്ധം പാടില്ല. ആവശ്യമുള്ളിടത്ത് കുട്ടികളെ സഹായിക്കാൻ അദ്ധ്യാപകർക്ക് നൽകിയിട്ടുള്ള സൂചനകൾ മാത്രമായി അവയെ കണ്ടാൽ മതി. കുട്ടികൾക്ക് പൂർത്തിയാക്കാൻ പറ്റാത്തവ അദ്ധ്യാപകസഹായി നോക്കി, അദ്ധ്യാപകന്/അദ്ധ്യാപികയ്ക്ക് പറഞ്ഞുകൊടുക്കാൻ കഴിയുമല്ലോ. ഓരോ പാഠത്തിലെയും മുഴുവൻ പ്രവർത്തനങ്ങളും നിർബന്ധമായും ചെയ്തിരിക്കണം.

### 5. അനുബന്ധിത പ്രവർത്തനങ്ങൾ

പാഠങ്ങളിൽ ഇല്ലാത്തതും അവയോടു കൂട്ടിച്ചേർക്കാവുന്നതുമായ പ്രവർത്തനങ്ങളാണിവ. ഇവയോരോന്നും അദ്ധ്യാപകന്റെ/അദ്ധ്യാപികയുടെ ഇഷ്ടാനുസരണം സ്വീകരിക്കാവുന്നതാണ്. സന്ദർഭത്തിന് ഇണങ്ങും വിധം കഴിവുള്ളിടത്തോളം അനുബന്ധിത പ്രവർത്തനങ്ങൾ നൽകുന്നതാണ് നല്ലത്. അദ്ധ്യാപക സഹായിയിൽ ചേർക്കാത്ത പ്രവർത്തനങ്ങൾ കിട്ടുമെങ്കിൽ അവയും ക്ലാസ്സിൽ ഉപയോഗിക്കാം. കൂടുതൽ ചോദ്യങ്ങൾ പാഠഭാ ഗത്തുനിന്നും തയ്യാറാക്കി ചേർത്തിട്ടുണ്ട്. അവയുടെ ഉത്തരങ്ങൾ കണ്ടെത്തി കുട്ടികൾക്ക് നൽകുന്നത് നല്ലതാണ്. അനുബന്ധിത പ്രവർത്തനങ്ങളെല്ലാം തന്നെ അദ്ധ്യാപകന്റെ / അദ്ധ്യാപികയുടെ മനോഭാവത്തിനനുസൃതമായി ചെയ്യേണ്ടതാണെന്ന് ഓർമ്മിക്കുക.

## ഓരോ പാഠത്തിലും ഓർമ്മിക്കേണ്ട കാര്യങ്ങൾ

1. ഓരോ പാഠവും രണ്ട് ദിവസം (2 ഞായറാഴ്ചകൾ) കൊണ്ട് പഠിപ്പിച്ചുതീർക്കണം എന്നാണ് വിഭാവനം ചെയ്തിരിക്കുന്നത്. അതിനാൽ ഓരോ പാഠത്തിലെയും കാര്യങ്ങൾ രണ്ടായി വിഭജിച്ച് ഒരുങ്ങുന്നതാണ് സൗകര്യം. കഴിയുമെങ്കിൽ പാഠ്യവസ്തുക്കളും (Content) പ്രവർത്തനങ്ങളും രണ്ടു ദിവസങ്ങളിലും ഉൾപ്പെടുന്ന വിധത്തിൽ ക്രമീകരിക്കുന്നതാണ് നല്ലത്.

2. പ്രവർത്തനങ്ങൾ എല്ലാം തന്നെ കുട്ടികൾ ചെയ്യേണ്ടത് ക്ലാസ്സിൽ വച്ചാണ്. അതിനുള്ള സമയം രണ്ടുദിവസങ്ങളിലായി ലഭിക്കും.

3. ഓരോന്നും ചെയ്യാനുള്ള നിർദ്ദേശങ്ങൾ വ്യക്തമായും കൃത്യമായും നൽകണം. വീട്ടിൽ വച്ച് മാതാപിതാക്കളുടെ സഹായത്തോടെ ചെയ്യേണ്ടവ ഉണ്ടെങ്കിൽ അത് രണ്ടാം ദിവസം ചെയ്തുകൊണ്ടുവരത്തക്കവിധം ഒന്നാംദിവസം തന്നെ കുട്ടികളോടു പറഞ്ഞുവിടണം. ഒന്നാംക്ലാസ്സിലെ എല്ലാ പാഠത്തിലും ഓരോ പ്രാർത്ഥന (നമുക്ക് പ്രാർത്ഥിക്കാം) ചേർത്തിട്ടുണ്ട്. അവ ക്ലാസ്സിൽ വച്ച് ആവർത്തിച്ച് ചൊല്ലിക്കൊടുക്കണം. കൈകൾ കൂപ്പാനും ഭക്തിയോടെ പ്രാർത്ഥിക്കാനും പഠിപ്പിക്കണം.

4. ഓരോ പാഠത്തിലും ഒന്നോ രണ്ടോ പാട്ട് (നമുക്കു പാടാം) കൊടുത്തിട്ടുണ്ട്. അവ ഈണത്തിൽ പാടാൻ കുട്ടികൾക്ക് അവസരം നൽകണം. ഒറ്റയ്ക്കും സംഘമായും പല ഗ്രൂപ്പുകളായി തിരിഞ്ഞും കുട്ടികൾ ആവർത്തിച്ച് പാടട്ടെ. അനുയോജ്യമായ മറ്റുപാട്ടുകളും നൽകാം. പ്രാർത്ഥനയും പാട്ടും പാഠഭാഗവുമായി ബന്ധമുള്ളതാണെന്ന് ശ്രദ്ധിക്കുമല്ലോ.

5. മനഃപാഠമാക്കാൻ കൊടുത്തിട്ടുള്ളവ കഴിവതും ക്ലാസ്സിൽ വച്ചു തന്നെ ചെയ്യിക്കുക. ഒന്നോ രണ്ടോ തവണ വായിച്ചുകൊടുക്കാം. ഒറ്റയ്ക്കും ഗ്രൂപ്പായും വായിച്ചു പഠിക്കാൻ നിർദ്ദേശിക്കാം. മനഃപാഠമാക്കി ചൊല്ലിക്കേൾപ്പിക്കുന്നവർക്ക് ചെറിയ സമ്മാനങ്ങളോ കൈയ്യടിയോ മറ്റെന്തെങ്കിലും അംഗീകാരമോ നൽകാം. ആദ്യമാദ്യം പഠിച്ചു കേൾപ്പിക്കാൻ പ്രചോദനം നൽകുന്നത് നല്ലതാണ്.

6. എന്റെ തീരുമാനം എന്നപേരിൽ കൊടുത്തിരിക്കുന്നവ കുട്ടിയിൽ രൂപപ്പെടേണ്ട മനോഭാവങ്ങളോ ശീലങ്ങളോ ആണ്. ഓരോ പാഠത്തിലെയും എന്റെ തീരുമാനം കുട്ടികൾക്ക് വിശദമാക്കിക്കൊടുക്കണം. അത് അവരുടെ തീരുമാനമാക്കി മാറ്റണം. പിറ്റേ ആഴ്ചയിൽ തീരുമാനം എത്രത്തോളം നടപ്പിലാക്കി എന്ന് അന്വേഷിക്കണം.

7. ബൈബിൾ വായന, എന്റെ ബൈബിൾ വാക്യം എന്ന പ്രവർത്തനം കുട്ടികളുടെ ബൈബിൾ പഠനവും പാരായണവും വളർത്താനുള്ളതാണ്. ബൈബിൾ വായിച്ച്, ഇഷ്ടപെട്ട വാക്യം എഴുതിക്കൊണ്ടുവരാനുള്ള നിർദേശം ഒന്നാം ദിവസം നൽകണം. രണ്ടാം ദിവസം അതു പരിശോധിക്കുകയും വേണം. ഒന്നാം പാഠം പഠിപ്പിക്കുമ്പോൾ അദ്ധ്യാപകൻ / അദ്ധ്യാപിക സമ്പൂർണ്ണ ബൈബിൾ ക്ലാസ്സിൽ കൊണ്ടുപോയി ഉൽപത്തി 1:26-31 ഭാഗം വായിച്ചു കേൾപ്പിക്കണം. അതിൽ നിന്ന് ഇഷ്ടപ്പെട്ട ഒരു വാക്യം ഓരോ കുട്ടിയോടും ചോദിച്ച് അത് എഴുതാൻ ആവശ്യപ്പെടണം. ഇതുപോലെ മറ്റുപാഠങ്ങളിൽ മാതാപിതാക്കളുടെ സഹായത്തോടെ കുട്ടികൾ വായിച്ച് എഴുതണം.

8. മിക്ക പാഠങ്ങളിലും കഥപറയാൻ അവസരങ്ങളുണ്ട്. പരമാവധി സന്ദർഭങ്ങളിൽ കഥപറയാൻ ശ്രമിക്കണം. ഇടയ്ക്ക് കഥ പറയാൻ കുട്ടികൾക്കും അവസരം നൽകണം. താൽപര്യം ഉണർത്തി, ആകാംക്ഷ വളർത്തി, ആശയങ്ങൾ സ്വീകരിക്കാൻ തക്കവിധം കഥ അവതരിപ്പിക്കണം. അതിനു താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

- ☐ വിശദാംശങ്ങൾ വിട്ടുകളയാതെ പറയണം.
- ☐ വ്യക്തികളെയും സംഭവങ്ങളെയും വർണ്ണിക്കണം.
- ☐ കുട്ടികൾക്കിണങ്ങുന്ന പദങ്ങളും ഭാഷാശൈലിയും ഉപയോഗിക്കണം.
- ☐ കഥയ്ക്കിടയിൽ ചെറിയ ചോദ്യങ്ങൾ ചോദിക്കണം.
- ☐ കുട്ടികളുടെ സഹായത്തോടെ കഥ പൂർത്തിയാക്കാൻ കഴിഞ്ഞാൽ നന്ന്.

- എന്തെങ്കിലുമൊരു കഥ പറഞ്ഞ് അവസാനിപ്പിക്കാതെ വിശ്വാസപരിശീലനത്തിന് ഉപകരിക്കുന്ന ആശയങ്ങൾ ഉൾക്കൊള്ളുന്ന കഥകൾ കണ്ടെത്തി അവതരിപ്പിക്കുക.

9. കളികൾ സംഘടിപ്പിക്കാനുള്ള നിരവധി സന്ദർഭങ്ങൾ പാഠപുസ്തകത്തിലുണ്ട്. അവയൊന്നും പാഴാക്കരുത്. കൂടുതൽ കളികൾ കണ്ടെത്തി കുട്ടികൾക്കു നൽകുകയും വേണം. മതബോധനക്ലാസ്സിൽ കളികൾ നൽകുമ്പോൾ ചില കാര്യങ്ങൾ ശ്രദ്ധിക്കണം.

- ക്ലാസ്സിന്റെ അന്തരീക്ഷത്തിനുചേർന്ന കളികൾ തെരഞ്ഞെടുക്കണം.
- നിർദ്ദേശങ്ങൾ കൃത്യമായും വ്യക്തമായും നൽകണം.
- നിയമങ്ങൾ പാലിക്കാൻ നിഷ്കർഷിക്കണം.
- വിജയപരാജയങ്ങൾക്കപ്പുറം കളിക്കുക എന്ന പ്രക്രിയയിൽ ഊന്നൽ നൽകണം.
- എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കണം.
- കളിയിൽകൂടി ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കണം.
- കുട്ടികളുടെ മനോഭാവങ്ങളെയും ശീലങ്ങളെയും വിലയിരുത്താനും തിരുത്താനുമുള്ള അവസരങ്ങളായും കളികളെ ഉപയോഗപ്പെടുത്തണം.

## ഓർമ്മിക്കാൻ മൂന്നുകാര്യങ്ങൾ കൂടി

1. ഈ അദ്ധ്യാപനസഹായി പൂർണ്ണമായി ശ്രദ്ധാപൂർവ്വം വായിക്കണം. ഓരോ പാഠവിശകലനവും വായിച്ചു മനസ്സിലാക്കണം. ഒന്നാം ക്ലാസ്സിലെ പാഠപുസ്തകവും അദ്ധ്യാപകസഹായിയിലെ പാഠവിശകലനങ്ങളും വായിക്കുന്നത് അദ്ധ്യാപനത്തെ കൂടുതൽ സമഗ്രമാക്കാൻ സഹായിക്കും.

2. ഓരോ പാഠവും പഠിപ്പിക്കുന്നതിനുമുമ്പായി അതാത് പാഠവിശകലനത്തിന്റെ സഹായത്തോടെ നല്ല ഒരുക്കം നടത്തണം. പാഠാസൂത്രണം നന്നായാൽ ക്ലാസ്സെടുക്കാൻ ഏറെ എളുപ്പമാകും. എന്തെല്ലാം കാര്യങ്ങൾ, ഏതു വിധത്തിൽ കുട്ടികൾക്കു നൽകണം. എന്തെല്ലാം പ്രവൃത്തികൾ അവരെക്കൊണ്ടുചെയ്യിക്കണം എന്നെല്ലാം മുൻകൂട്ടി തീരുമാനിക്കുന്നതാണ് ആസൂത്രണം.

3. പാഠാസൂത്രണത്തിൽ തീരുമാനിച്ച് കാര്യങ്ങൾ ഒരു നോട്ടുബുക്കിൽ എഴുതിവച്ചാൽ എളുപ്പമായി. അതുനോക്കി ക്ലാസ്സ് നയിക്കാം. ഓരോ അദ്ധ്യാപകനും അദ്ധ്യാപികയ്ക്കും സൗകര്യമെന്നു തോന്നുന്ന വിധത്തിൽ എഴുതിയാൽ മതി. പാഠക്കുറിപ്പുകൾ എഴുതിശീലിക്കുന്നത് കൂടുതൽ നന്നായി ഒരുങ്ങാൻ ഇടവരുത്തും. പലയിടത്തുനിന്നായി ലഭിക്കുന്ന അധിക വിവരങ്ങളും പ്രവർത്തനങ്ങളും ഈ ബുക്കിൽ എഴുതാനും കഴിയും.

### പാഠം 1

# ദൈവം സൃഷ്ടിച്ച മനുഷ്യൻ

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### a) ബോധ്യങ്ങൾ

ദൈവം എല്ലാം സൃഷ്ടിച്ചു.

ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു.

### b) മനോഭാവങ്ങൾ

നമ്മെ സൃഷ്ടിച്ച ദൈവത്തെ നാം ആരാധിക്കണം.

ദൈവം സൃഷ്ടിച്ച നാമെല്ലാവരും പരസ്പരം സ്നേഹിക്കണം.

### c) ശീലങ്ങൾ

പ്രാർത്ഥനയിലൂടെ ദൈവത്തെ ആരാധിക്കുക.

കൂട്ടുകാരുമായി വഴക്കുണ്ടാക്കുന്ന ശീലം ഉപേക്ഷിക്കുക.

എല്ലാവരോടും സ്നേഹത്തോടെ പെരുമാറുക.

## II. അദ്ധ്യാപകൻ / അദ്ധ്യാപിക കരുതേണ്ട ബോധനോപാധികൾ

ന്യൂസ്പേപ്പർ, നക്ഷത്രങ്ങൾ, സൂര്യൻ, ചന്ദ്രൻ എന്നിവയുടെ ചിത്രങ്ങൾ – പൂക്കൾ, സസ്യങ്ങൾ, ഫലങ്ങൾ (ലഭ്യമെങ്കിൽ), വി. ഗ്രന്ഥം.

## III. പാഠാവതരണം

ടീച്ചർ കുട്ടികൾക്ക് ഓരോ കഷണം ന്യൂസ്പേപ്പർ നൽകിക്കൊണ്ട് എന്തെങ്കിലും ഒരു വസ്തു ഉണ്ടാക്കുവാൻ ആവശ്യപ്പെടുക. (വഞ്ചി, വിമാനം, കിളി.....) കുട്ടികൾ നിർമ്മിച്ച വസ്തുക്കളെ പരാമർശിച്ചുകൊണ്ട് ചുറ്റുപാടുമുള്ള വസ്തുക്കളെ മനുഷ്യനിർമ്മിതം,

ദൈവനിർമ്മിതം എന്നിങ്ങനെ തിരിക്കാം. പിന്നീട് ലോകം മുഴുവൻ ദൈവം സൃഷ്ടിച്ചത് എന്ന അവബോധത്തിലേക്കും തുടർന്നുള്ള പാഠഭാഗങ്ങളിലേക്കും കടക്കാം.

ടീച്ചർ കരുതിയിരിക്കുന്ന ബോധനോപാധികൾ യഥാവസരങ്ങളിൽ ഉപയോഗിക്കുക. ചർച്ചകൾ, ഉചിതമായ ചോദ്യങ്ങൾ എന്നിവയും ഉപയോഗപ്പെടുത്താം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### നിറം കൊടുക്കാം

കുട്ടിക്ക് ഇഷ്ടമുള്ള നിറം ഉപയോഗിക്കട്ടെ. ടീച്ചർ നിർദ്ദേശിക്കുന്ന സമയത്തു മാത്രമേ കുട്ടികൾ ഈ പ്രവർത്തനം ചെയ്യുവാൻ പാടുള്ളൂ. (നേരത്തേ തന്നെ കുട്ടികൾ സ്വയം ചെയ്യരുത് എന്ന് കുട്ടികൾക്ക് നിർദ്ദേശം കൊടുക്കണം).

### നിറം കൊടുത്തു ഭംഗിയാക്കാം

ക്ലാസ്സിൽ വച്ചോ (സമയം അനുവദിക്കുന്ന പക്ഷം) വീട്ടിൽ വച്ചോ ചിത്രം പൂർത്തിയാക്കാൻ ആവശ്യപ്പെടാം. ഓരോ ഭാഗത്തിനും ഉചിതമായ നിറം നൽകുവാൻ നിർദ്ദേശിക്കുക.

കുട്ടികൾ ചെയ്ത ജോലി ടീച്ചർ പരിശോധിക്കണം. അഭിനന്ദനം, പ്രോത്സാഹനം നൽകുക.

### നമുക്ക് പാടാം, പ്രാർത്ഥിക്കാം

പാട്ടുകളും, പ്രാർത്ഥനകളും കുട്ടികൾ ഹൃദിസ്ഥമാക്കട്ടെ. ക്ലാസ്സിൽ ഗ്രൂപ്പായും തനിച്ചും പലവട്ടം ആവർത്തിക്കാൻ അവസരം നൽകുക. അടുത്ത ക്ലാസ്സിൽ വരുമ്പോൾ കുട്ടികളെക്കൊണ്ട് പ്രാർത്ഥനകൾ ചൊല്ലിക്കുകയും പാട്ടുകൾ പാടിക്കുകയും വേണം.

### നമുക്ക് ചെയ്യാം

"സ്തുതി ചൊല്ലുക'' നാം സ്തുതി ചൊല്ലുമ്പോൾ ഈശോമിശിഹായ്ക്കാണ് സ്തുതി നൽകുന്നത് - അതോടൊപ്പം മറ്റുള്ളവരോടുള്ള സ്നേഹവും ബഹുമാനവും പ്രകടിപ്പിക്കുന്നു - വെറും ഒരു ചടങ്ങല്ല - ശ്രദ്ധയോടെ, ഭക്തിയോടെ ചെയ്യണം - ഇക്കാര്യങ്ങൾ കുട്ടികളെ ബോധ്യപ്പെടുത്തണം.

സ്തുതി ചൊല്ലുന്നയാൾ കൈകൾ കൂപ്പി "ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ" എന്നു പറയുമ്പോൾ സ്വീകരിക്കുന്നയാൾ കൈകൾ കൂപ്പി "ഇപ്പോഴും എപ്പോഴും സ്തുതിയായിരിക്കട്ടെ" എന്ന് മറുപടി പറയണം.

## എന്റെ തീരുമാനം

കുട്ടികളിൽ ശീലമായിത്തീരേണ്ട കാര്യങ്ങളാണ് ഈ വിഭാഗത്തിൽ വരുന്നത്. "ഞാൻ എല്ലാവരോടും സ്നേഹത്തോടെ പെരുമാറും" എന്ന തീരുമാനമെടുക്കുമ്പോൾ കൂടുതൽ വ്യക്തതക്കായി കുട്ടികളെ സഹായിക്കാം.

എന്തുകൊണ്ട് സ്നേഹിക്കണം.

ആരെയൊക്കെ?

എപ്പോഴൊക്കെ?

എങ്ങനെയൊക്കെ?

കുറച്ചുപേരെക്കൊണ്ട് അവരുടെ തീരുമാനം ക്ലാസ്സിൽ പങ്കുവയ്പിക്കാം. അടുത്ത ക്ലാസ്സിൽ തീരുമാനങ്ങൾ എങ്ങനെ നടപ്പാക്കി എന്ന് കുട്ടികളെക്കൊണ്ട് പറയിക്കണം.

## ഉത്തരം കണ്ടെത്താം

1. ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലുമാണ് നമ്മെ സൃഷ്ടിച്ചത്.
2. സ്നേഹമാണ് ദൈവത്തിന്റെ ഛായ.

# V. അനുബന്ധിത പ്രവർത്തനങ്ങൾ

പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾക്കു പുറമേ ഈ പാഠവുമായി ബന്ധപ്പെടുത്തി മറ്റുചില പ്രവർത്തനങ്ങൾകൂടി ചെയ്യിക്കാവുന്നതാണ്. ഒരു നോട്ട് ബുക്ക് ഇതിനായി ഉണ്ടായിരിക്കുന്നത് നല്ലതാണ് (നിർബന്ധിച്ച് വാങ്ങിപ്പിക്കേണ്ടതില്ല).

## എന്റെ പ്രാർത്ഥന

ദൈവത്തെ സ്തുതിക്കുവാൻ ഒരു കൊച്ചുപ്രാർത്ഥന കണ്ടെത്താമോ? (മാതാപിതാക്കളുടെ സഹായം കുട്ടി തേടട്ടെ).

ദൈവത്തിന്റെ മനോഹര സൃഷ്ടികളിൽ കുട്ടിക്കിഷ്ടപ്പെട്ടവ നോട്ട്ബുക്കിൽ വരയ്ക്കുകയോ ഒട്ടിക്കുകയോ ചെയ്യട്ടെ.

## സ്തുതിചൊല്ലാം

a) ഗാനരൂപം നൽകാം.

b) ഇടതും വലതുമിരിക്കുന്ന കൂട്ടുകാർക്കു മാത്രമല്ല ക്ലാസ്സിലെ എല്ലാവർക്കും സ്തുതിചൊല്ലാവുന്ന ഒരു പ്രവർത്തനം.

കുട്ടികൾ അഭിമുഖമായി രണ്ട് വൃത്തങ്ങളിൽ നിൽക്കട്ടെ. പുറമേയുള്ള വൃത്തത്തിൽ നിൽക്കുന്നവർ ഉള്ളിലുള്ള വൃത്തത്തിൽ നിൽക്കുന്നവർക്ക് ആദ്യം സ്തുതി ചൊല്ലട്ടെ. പുറമേയുള്ള വൃത്തത്തിലെ കുട്ടികൾ ഘടികാരദിശയിൽ നടക്കുകയും അഭിമുഖമായിവരുന്ന കുട്ടിക്ക് സ്തുതി ചൊല്ലുകയും ചെയ്യട്ടെ. പിന്നീട് ഉള്ളിലുള്ള വൃത്തത്തിലെ കുട്ടികൾ നടക്കുകയും പുറമേയുള്ള വൃത്തത്തിലുള്ളവർക്ക് സ്തുതിചൊല്ലുകയും ചെയ്യട്ടെ.

**ഉത്തരം കണ്ടെത്താം**

1. ആദിയിൽ ദൈവം എന്താണ് സൃഷ്ടിച്ചത്?
2. നമുക്ക് പ്രകാശം നൽകുവാൻ ദൈവം എന്തൊക്കെ സൃഷ്ടിച്ചു?
3. ദൈവം സൃഷ്ടിച്ച ഏതാനും ജീവികളുടെ പേരു പറയുക.
4. നമ്മുടെ ആദിപിതാവ് ആര്?
5. നമ്മുടെ ആദിമാതാവ് ആര്?
6. ബൈബിളിലെ ഏത് പുസ്തകത്തിലാണ് മനുഷ്യനെ സൃഷ്ടിച്ച കഥ പറഞ്ഞിരിക്കുന്നത്?
7. ദൈവം നിങ്ങൾക്ക് ആരെയൊക്കെ തന്നിരിക്കുന്നു?
8. നമ്മുടെയെല്ലാം സ്രഷ്ടാവ് ആര്?

പാഠം 2

# ദൈവത്തോടൊത്തു വസിച്ച മനുഷ്യൻ

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### a) ബോധ്യങ്ങൾ

മനുഷ്യനു വസിക്കുവാൻ വേണ്ടി ദൈവം ഒരുക്കിയതാണ് ഏദൻ.

ആദവും ഹവ്വയും ഏദൻ തോട്ടത്തിൽ ദൈവത്തോടൊപ്പം സന്തോഷത്തോടെ വസിച്ചു.

ദൈവം നമ്മോടൊത്തു വസിക്കുവാൻ ആഗ്രഹിക്കുന്നു.

ദൈവത്തെ സ്നേഹിച്ചും അനുസരിച്ചും ജീവിക്കുമ്പോൾ പറുദീസയിലെ സന്തോഷം ലഭിക്കുന്നു.

### b) മനോഭാവങ്ങൾ

ദൈവത്തോടൊത്തു വസിക്കാനായി അവിടുത്തെ കല്പനകൾ അനുസരിക്കണം. നമ്മെ സ്നേഹിക്കുന്ന ദൈവത്തെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യണം.

### c) ശീലങ്ങൾ

ദൈവത്തിന് ഇഷ്ടമില്ലാത്തവ ചെയ്യാതിരിക്കുക.

മാതാപിതാക്കളെയും അധ്യാപകരെയും മറ്റ് മുതിർന്നവരെയും അനുസരിക്കുക.

കുടുംബപ്രാർത്ഥനയിൽ ഉത്സാഹത്തോടെ പങ്കെടുക്കുക.

## II. ബോധനോപാധികൾ

ചിത്രങ്ങൾ, വി. ഗ്രന്ഥം, ഫ്ളാഷ്കാർഡുകൾ – നന്മ, സുഖം, സമാധാനം.

## III. പാഠാവതരണം

കുട്ടികളുടെ വീടുകളിലെ പൂന്തോട്ടം, സ്കൂളിലെ പൂന്തോട്ടം. പാർക്കുകൾ തുടങ്ങി കുട്ടികളുടെ പരിചിത മേഖലകളെ പരാമർശിച്ചുകൊണ്ട് ഏദൻ തോട്ടത്തിലേക്ക് എത്താം.

ഏദൻ തോട്ടം ദൈവം മനുഷ്യനുവേണ്ടി നിർമ്മിച്ചത്.

ഏദനിലെ അനുഭവം.

കുട്ടികളുടെ കുടുംബാന്തരീക്ഷം - ചർച്ച

വീട്ടിലെ ദൈവസാന്നിധ്യം - ദൈവാരാധന

കുടുംബാംഗങ്ങൾ + ദൈവം = പറുദീസാനുഭവം

(പാഠ്യാവതരണത്തിനിടയിൽ ഔചിത്യപൂർവ്വം ബോധനോപാധികൾ ഉപയോഗിക്കുക)

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പാടാം, പ്രാർത്ഥിക്കാം

(മുൻപാഠത്തിലെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക).

### കണ്ടെത്തൂ, നിറം കൊടുക്കൂ

പ്രവർത്തനം നൽകുന്നതിനുമുൻപ് വ്യക്തമായ നിർദ്ദേശം നൽകണം. പ്രവർത്തനത്തിലെ പദങ്ങൾ പരിചയപ്പെടുത്തുക. ശരിയായവയ്ക്കു നേരെയുള്ള ചതുരങ്ങളിൽ കുട്ടികൾ നിറം കൊടുക്കട്ടെ.

### വഴി കണ്ടെത്താം

കുട്ടികൾക്ക് സുപരിചിതമായൊരു പ്രവർത്തനം. ഒരു മത്സരത്തിൽ പങ്കെടുക്കുന്ന പ്രതീതി കുട്ടികളിൽ ഉണ്ടാക്കണം. ആദ്യം ഏദനിൽ നിന്നെത്തുന്ന കുട്ടിയെ അഭിനന്ദിക്കാം.

### എന്റെ തീരുമാനം


(മുൻപാഠത്തിലെ നിർദ്ദേശം ശ്രദ്ധിക്കുക).

**ഉത്തരം കണ്ടെത്താം**

1. ആദവും ഹവ്വയും ദൈവത്തോടൊപ്പം പറുദീസയിൽ കഴിഞ്ഞു.
2. നമുക്ക് സന്തോഷമുണ്ടാകണമെങ്കിൽ നാം ദൈവത്തെ സ്നേഹിച്ചും അനുസരിച്ചും ജീവിക്കണം.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

പൂർത്തിയാക്കാമോ?




**പൂരിപ്പിക്കാമോ?**

1. ..............................വസിക്കുമ്പോൾ .......................... ഉണ്ടാകുന്നു.
2. ആദവും ഹവ്വയും ദൈവത്തെ .......................... അനുസരിച്ചും ............................... കഴിഞ്ഞു.

**ഉത്തരം കണ്ടെത്താം**

1. ഏദൻതോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന വൃക്ഷങ്ങൾ ഏവ?
2. ഏദൻ തോട്ടത്തിന്റെ മറ്റൊരു പേര്?
3. ദൈവം എന്തിനാണ് ഏദൻതോട്ടം ഒരുക്കിയത്?
4. സന്തോഷമുണ്ടാകണമെങ്കിൽ നാം എന്താണ് ചെയ്യേണ്ടത്?
5. പറുദീസയിലെ സന്തോഷം എന്നാൽ എന്ത്?

## പാഠം 3

# ദൈവത്തിൽ നിന്ന് അകലുന്ന മനുഷ്യൻ

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### a) ബോധ്യങ്ങൾ

ദൈവം ആദത്തെയും ഹവ്വയെയും വളരെയധികം സ്നേഹിച്ചു.

സാത്താന്റെ പ്രേരണയാൽ അവർ ദൈവകല്പന ലംഘിച്ചു.

പാപം ചെയ്ത് അവർ ദൈവത്തിൽനിന്നകന്നു.

### b) മനോഭാവങ്ങൾ

നമ്മെ സ്നേഹിക്കുന്ന ദൈവത്തിന്റെ കല്പനകൾ നാം അനുസരിക്കണം.

കല്പനകൾ ലംഘിക്കുവാനുള്ള പ്രേരണകളെ അതിലംഘിക്കണം.

മാതാപിതാക്കളെയും അധ്യാപകരെയും മറ്റ് മുതിർന്നവരെയും അനുസരിക്കണം.

### c) ശീലങ്ങൾ

വീട്ടിൽ മാതാപിതാക്കളെയും, മുതിർന്നവരേയും അനുസരിക്കുക.

സ്കൂളിൽ ദൈവാലയത്തിൽ, മതബോധനക്ലാസിൽ നിയമങ്ങൾ അനുസരിക്കുക.

തെറ്റുകൾ ചെയ്യാതിരിക്കുവാൻ ശ്രദ്ധിക്കുക.

## II. ബോധനോപാധികൾ

വി.ഗ്രന്ഥം, ചാർട്ടുകൾ - ചിത്രങ്ങൾ ഒട്ടിച്ചുണ്ടാക്കിയത്.

## III. പാഠാവതരണം

കുട്ടികൾ ചെറിയ ചെറിയ തെറ്റുകൾ ചെയ്തിട്ടുണ്ടാകും.

- അനുസരണക്കേട്.
- നുണ പറഞ്ഞത്.
- വഴക്കുണ്ടാക്കിയത്.
- മോഷ്ടിച്ചത്.

ഈ അനുഭവങ്ങളുടെ ഒരു ചർച്ചയാകാം. തെറ്റുകൾ ചെയ്തപ്പോൾ കുട്ടികൾക്കുണ്ടായ അനുഭവങ്ങൾ പങ്കുവയ്ക്കുവാൻ അനുവദിക്കുക.

ഭയം, നാണക്കേട്, ശിക്ഷ.

തുടർന്ന് ആദത്തിന്റേയും ഹവ്വയുടേയും അനുസരണക്കേടിന്റെ കഥയിലേയ്ക്ക് വരാം. പുസ്തകത്തിലെ ചിത്രങ്ങളും ടീച്ചറിന്റെ ശേഖരത്തിലെ മറ്റു ചിത്രങ്ങളും കഥാവതരണത്തിൽ ഉപയോഗിക്കാം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### ഗാനം, പ്രാർത്ഥന

(മുൻപാഠത്തിലെ നിർദ്ദേശം ശ്രദ്ധിക്കുക).

### വിവിധ നിറങ്ങളിൽ ആവർത്തിച്ചെഴുതുക

കുട്ടികൾക്കിഷ്ടപ്പെട്ട നിറങ്ങൾ ഉപയോഗിച്ചെഴുതുക.

### എടുത്തെഴുതി പൂർത്തിയാക്കുക

വാക്കുകൾ തിരഞ്ഞെടുക്കുവാൻ കുട്ടികളെ സഹായിക്കാം. വിവിധ നിറങ്ങൾ ഉപയോഗിക്കാം.

### തീരുമാനം

(മുൻപാഠത്തിലെ നിർദ്ദേശം ശ്രദ്ധിക്കുക).

### ഉത്തരം കണ്ടെത്താം

1. ശരിയുത്തരത്തിനു നേരെ ☑ ചെയ്യുക.
   ഉത്തരങ്ങൾ കുട്ടികളെ വായിച്ചു കേൾപ്പിക്കണം.
2. പാപത്തിന്റെ ഫലമായി നാം ദൈവത്തിൽ നിന്നകലുന്നു.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### റോൾപ്ലേ

കുട്ടികളെ ഗ്രൂപ്പുകളാക്കുക. ആദവും ഹവ്വയും പഴം തിന്നുന്ന രംഗം അവതരിപ്പിക്കുക. ടീച്ചർ ആവശ്യമായ നിർദ്ദേശങ്ങൾ കുട്ടികൾക്ക് നൽകണം. കഥാപാത്രങ്ങൾക്ക് പുറമെ കുട്ടികൾ തന്നെ ചെടികളും മരങ്ങളുമൊക്കെയായി രംഗത്ത് വരട്ടെ. അവതരണം അടുത്ത ക്ലാസ്സിൽ ആകാം.

### പൂരിപ്പിക്കാം

1. ദൈവം കല്പിച്ചിരുന്ന വൃക്ഷത്തിന്റെ പഴം തിന്നാൽ .......................................... ദൈവം പറഞ്ഞു.
2. ആ പഴം തിന്നാൽ .................................... ആകുമെന്ന് സാത്താൻ പറഞ്ഞു.
3. ................................ കാണിച്ചതുകൊണ്ട് ദൈവത്തിന്റ മുൻപിൽ വരുവാൻ അവർക്ക് പേടി തോന്നി.

### ഉത്തരം കണ്ടെത്താം

1. ഏദൻതോട്ടത്തിന്റെ പ്രത്യേകത എന്ത്?
2. ഏത് വൃക്ഷത്തിന്റെ ഫലം തിന്നരുതെന്നാണ് ദൈവം കല്പിച്ചത്?
3. ആദവും ഹവ്വയും ദൈവത്തോടൊപ്പം സന്തോഷത്തോടെ ഏദൻതോട്ടത്തിൽ കഴിയുന്നതു കണ്ടപ്പോൾ സാത്താന് എന്തു തോന്നി?
4. സാത്താൻ ആരാണ്?
5. അവൻ ആരുടെ രൂപത്തിലാണ് ഹവ്വയുടെ അടുത്തു വന്നത്?
6. പഴങ്ങൾ തിന്നാൽ എന്തായിത്തീരാമെന്നാണ് പാമ്പ് ഹവ്വായോട് പറഞ്ഞത്?
7. ആദവും ഹവ്വയും ദൈവകല്പന ലംഘിച്ചതെങ്ങനെ?
8. ആദവും ഹവ്വയും ദൈവത്തിന്റെ മുൻപിൽ വരുവാൻ പേടിച്ചതെന്തുകൊണ്ട്?

## പാഠം 4

# പാപം മൂലം വന്ന ശിക്ഷ

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### a) ബോധ്യങ്ങൾ

പാപം ചെയ്തതുകൊണ്ട് ആദവും ഹവ്വയും ദൈവത്തിന്റെ മുൻപിൽ നിന്നു മാറി ഒളിച്ചു.

ആദവും ഹവ്വയും തന്നിൽ നിന്നകന്നപ്പോൾ ദൈവം വേദനിച്ചു.

ദൈവം അവരെ അന്വേഷിച്ചിറങ്ങി.

ദൈവം അവരെ ശിക്ഷിച്ചുവെങ്കിലും അവരോട് കരുണ കാണിച്ചു.

### b) മനോഭാവങ്ങൾ

തെറ്റുചെയ്താലും നമ്മെത്തേടി വരുന്ന, സ്നേഹിക്കുന്ന ദൈവത്തെ നാമും സ്നേഹിക്കണം.

ശിക്ഷിച്ചാലും കരുണകാണിക്കുന്ന ദൈവത്തോട് നന്ദിയുള്ളവരാകണം.

### c) ശീലങ്ങൾ

തെറ്റുകൾ ചെയ്ത് ദൈവത്തെ വേദനിപ്പിക്കരുത്.

കരുണയുള്ള ദൈവത്തെപ്പോലെ ഞാനും മറ്റുള്ളവരോട് കരുണ കാണിക്കണം.

## II. ബോധനോപാധികൾ

വി. ഗ്രന്ഥം, ചാർട്ടുകൾ, etc... കഥകൾ (തെറ്റുചെയ്താലും ക്ഷമിക്കുന്ന കഥകൾ).

## III. പാഠാവതരണം

അപ്പച്ചന്റെ പേഴ്സിൽ നിന്നും പണം മോഷ്ടിച്ച കുട്ടി – കൂട്ടുകാ

രുമായ് പണം ചെലവഴിക്കുന്നു – വൈകുന്നേരം അപ്പച്ചൻ തിരിച്ചെത്താൻ സമയമായി – കുട്ടിക്ക് ഭയം – വീട്ടിൽ കയറാതെ ഒളിച്ചിരിക്കുന്നു – അപ്പച്ചൻ പണം നഷ്ടപ്പെട്ടതറിഞ്ഞ് ദേഷ്യപ്പെടുന്നു – പക്ഷേ കുട്ടിയെ കാണാതെ വേദനിക്കുന്നു – അന്വേഷിക്കുന്നു – കണ്ടെത്തുന്നു.

ഈ കഥ ആകർഷകമായി അവതരിപ്പിച്ചുകൊണ്ട് പാഠഭാഗത്തേക്ക് പ്രവേശിക്കാം.

# IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### ഗാനം, പ്രാർത്ഥന.

(മുൻപാഠത്തിലെ നിർദ്ദേശം ശ്രദ്ധിക്കുക).

### നിറം കൊടുത്ത് പൂരിപ്പിക്കാം.

കുട്ടിയുടെ ഇഷ്ടമനുസരിച്ച് നിറം കൊടുക്കട്ടെ.

### ചിത്രവായന

ഓരോ ചിത്രത്തിലെയും വിശദാംശങ്ങൾ ക്ലാസിൽ ചർച്ച ചെയ്യുക. തുടർന്ന് കുട്ടികളുടെ ഭാവനക്കനുസരിച്ച് ചിത്രങ്ങൾ നോക്കി കഥ പറയട്ടെ.

### കണ്ടെത്താം ഓർമ്മിക്കാം

ക്രമം തെറ്റി പൂവിതളുകളിൽ എഴുതിയിരിക്കുന്ന ദൈവവചനം ക്രമപ്പെടുത്തി നിറം കൊടുത്ത് എഴുതട്ടെ. ദൈവവചനത്തിന്റെ ആദ്യ ഭാഗം ടീച്ചർ പറയുക. ബാക്കി കുട്ടികൾ കണ്ടെത്തട്ടെ. ഈ ദൈവവചനം മനഃപാഠമാക്കാൻ കുട്ടികളെ പ്രേരിപ്പിക്കുമല്ലോ.

### എന്റെ തീരുമാനം

(മുൻപാഠത്തിലെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക).

### ഉത്തരം കണ്ടെത്താം

1. ദൈവത്തിന്റെ കല്പന ലംഘിച്ചതുകൊണ്ട് ദൈവത്തിൻ മുൻപിൽ വരുവാൻ അവർക്ക് പേടിതോന്നി. അതിനാൽ ദൈവത്തിന്റെ കാലൊച്ച കേട്ടപ്പോൾ ആദവും ഹവ്വയും ഒളിച്ചു.
2. നമ്മുടെ ദൈവം അന്വേഷിച്ചു വരുന്ന ദൈവമാണ്.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

താഴെപ്പറയുന്ന അവസരത്തിൽ ഓരോരുത്തർക്കും തോന്നിയതെന്ത്?

1. ദൈവത്തിന്റെ കാലൊച്ച കേട്ടപ്പോൾ ആദത്തിനും ഹവ്വായ്ക്കും ................ (പേടി)
2. ആദവും ഹവ്വയും തന്നിൽ നിന്നകത്തു പോയപ്പോൾ ദൈവത്തിന് ................ (വേദന)
3. അവരെ ശിക്ഷിച്ചുവെങ്കിലും ദൈവത്തിന് അവരോട് ........... (കരുണ)

**ഗാനം**

നമ്മുടെ ഏത് അവസ്ഥയിലും നമ്മെ സ്നേഹിക്കുന്ന ദൈവത്തിന് നമുക്ക് നന്ദി പ്രകാശിപ്പിക്കാം.

അതിരുകളില്ലാത്ത സ്നേഹം. ദൈവസ്നേഹം

അളവുകളില്ലാത്ത സ്നേഹം. ദൈവസ്നേഹം

...........................................................................................

**ഉത്തരം കണ്ടെത്താം**

1. ദൈവം എപ്പോഴാണ് ആദത്തെയും ഹവ്വയേയും കാണുവാൻ ഏദൻ തോട്ടത്തിൽ വന്നത്?
2. ആദവും ഹവ്വയും എന്തു ചെയ്തു?
3. അപ്പോൾ ദൈവത്തിന് എന്തുതോന്നി?
4. ദൈവം എങ്ങനെയാണ് അവരെ ശിക്ഷിച്ചത്?
5. അവരോട് കരുണതോന്നിയ ദൈവം എന്തുചെയ്തു?
6. സന്തോഷം ഇല്ലാതാക്കുന്നതെന്ത്?

## പാഠം 5

# രക്ഷകനെ വാഗ്ദാനം ചെയ്യുന്ന ദൈവം

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### a) ബോധ്യങ്ങൾ

പറുദീസായിൽ നിന്നും പുറത്താക്കപ്പെട്ട ആദിമാതാപിതാക്കൾ ധാരാളം ദുരിതമനുഭവിച്ചു.
അവരോട് കരുണ തോന്നിയ ദൈവം ഒരു രക്ഷകനെ വാഗ്ദാനം ചെയ്തു. അവിടുന്ന് വാഗ്ദാനം ചെയ്ത രക്ഷകനാണ് ഈശോ.

### b) മനോഭാവങ്ങൾ


നാം പാപം ചെയ്യാതെ ജീവിക്കുവാൻ ശ്രമിക്കണം.
പാപികളോടു കരുണ കാണിച്ച ദൈവത്തോട് നന്ദിയും സ്നേഹവും ഉള്ളവരായിരിക്കണം.
മറ്റുള്ളവരോട് നാമും കരുണ കാണിക്കണം.

### c) ശീലങ്ങൾ

നമ്മളോട് തെറ്റുചെയ്യുന്നവരോട് സ്നേഹമായി പെരുമാറുക
കൊച്ചുകൊച്ചു പ്രാർത്ഥനകളിലൂടെ ദൈവത്തോട് നന്ദി പ്രകടിപ്പിക്കുക.
ഓരോ ദിവസവും തെറ്റുകൾ ചെയ്യാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക.

## II. ബോധനോപാധികൾ

വി. ഗ്രന്ഥം, ചാർട്ട്, പ്ലേകാർഡ്



## III. പാഠാവതരണം

സ്വന്തം വീട്ടിൽ നിന്നും പുറത്താക്കപ്പെട്ടാൽ കുട്ടികൾക്കുണ്ടാകുന്ന അനുഭവങ്ങൾ പങ്കുവയ്ക്കുവാൻ അവസരം നൽകുക. ഈ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ നിന്നും പാഠഭാഗത്തേയ്ക്ക് കടക്കാം. വി. ഗ്രന്ഥം വായിച്ചു കേൾപ്പിക്കുക (ഉൽപ. 3:23) ആദിമാതാപിതാക്കളുടെ വേദനകൾ - ദൈവത്തിന്റെ കാരുണ്യം - സ്നേഹം രക്ഷകനെ വാഗ്ദാനം ചെയ്യുന്നു. പാഠാവതരണത്തിൽ ഉചിതമായ സമയത്ത് ബോധനോപാധികൾ ഉപയോഗിക്കുക.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

**നമുക്ക് പാടാം, നമുക്ക് പ്രാർത്ഥിക്കാം.**

(മുൻപാഠത്തിലെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക).

**നിറം കൊടുത്ത് ആവർത്തിച്ച് എഴുതുക.**

ഓരോ വരിക്കും ഓരോ നിറം നൽകാം.

**സമ്മാനപ്പെട്ടിയിലെന്ത്?**

ശരിയായ വാക്ക് (രക്ഷകൻ) കണ്ടെത്താൻ കുട്ടികൾക്ക് സഹായം നൽകാം. കണ്ടുപിടിച്ചാൽ സമ്മാനപ്പെട്ടിയിലും ഉത്തരമെഴുതുവാനുള്ള നിർദ്ദിഷ്ടസ്ഥലത്തും എഴുതുക.

**ഓർമ്മിക്കാം**

ഈ സങ്കീർത്തനം ഹൃദിസ്ഥമാക്കാൻ കുട്ടികളെ സഹായിക്കുക. അടുത്ത ക്ലാസിൽ ആവർത്തിക്കുവാൻ അവസരം കൊടുക്കുക.

**പദചക്രം പൂർത്തിയാക്കുക**

പ്രവർത്തനത്തിൽത്തന്നെ സൂചനകൾ ഉണ്ട്. പദപ്പെട്ടിയിൽ നിന്നും പൂരിപ്പിക്കേണ്ട അക്ഷരങ്ങൾ തെരഞ്ഞെടുക്കുവാൻ സഹായിക്കുക. ക്ലാസ്സിൽ വച്ച് തന്നെ കുട്ടി ഈ പ്രവർത്തനം ചെയ്യട്ടെ.

**എന്റെ തീരുമാനം**

(മുൻപാഠത്തിലെ നിർദ്ദേശം ശ്രദ്ധിക്കുക).

**ഉത്തരം കണ്ടെത്താം**

1. മുള്ളുകളും മുൾച്ചെടികളും നിറഞ്ഞ മണ്ണിൽ ജോലി ചെയ്യേണ്ടിവന്നു. ആഹാരത്തിനുവേണ്ടി വിയർപ്പൊഴുക്കി അധ്വാനിച്ചു. അവർക്ക് ദൈവത്തെ കാണുവാൻ കഴിഞ്ഞില്ല.

2. അവരെ രക്ഷിക്കുവാൻ ഒരു രക്ഷകനെ അയക്കാമെന്ന് ദൈവം വാഗ്ദാനം ചെയ്തു.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### നന്ദിയുടെ ഒരു ഗാനം

നന്ദി ദൈവമേ, നന്ദി ദൈവമേ
നിത്യവും നിത്യവും നന്ദി ദൈവമേ
അങ്ങു തന്ന ദാനത്തിനായ് നന്ദിയേകിടാം
അങ്ങുതന്ന മോദത്തിനായ് നന്ദിയേകിടാം
നന്മരൂപനേ നല്ല ദൈവമേ!

### കളിക്കാം "ഈശോ പറയുന്നു"

"ഈശോ പറയുന്നു." എഴുന്നേൽക്കുക, ഇരിക്കുക, കൈ ഉയർത്തുക, കൈയ്യടിക്കുക, ചാടുക... "ഈശോ പറയുന്നു" എന്ന വാക്കുകൾ കൂടാതെ എന്തു നിർദ്ദേശം നൽകിയാലും അനുസരിക്കരുത്.

### ഉത്തരം കണ്ടെത്താം

1. ആദത്തിനും ഹവ്വക്കും എവിടെയാണ് ജോലി ചെയ്യേണ്ടിവന്നത്?
2. ആദത്തിനും ഹവ്വക്കും ദുരിതങ്ങൾ അനുഭവിക്കേണ്ടിവന്നത് എന്തുകൊണ്ട്?
3. ദൈവത്തിന് അവരോട് കരുണ തോന്നിയതെന്തുകൊണ്ട്?
4. ദൈവം അവരെ ഉപേക്ഷിച്ചില്ല. എന്തുകൊണ്ട്?
5. ദൈവം കരുണ കാണിച്ചതെങ്ങനെ?
6. ഈശോ ആരാകുന്നു?

## പാഠം 6

# മംഗളവാർത്ത

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### a) ബോധ്യങ്ങൾ

ഗബ്രിയേൽ മാലാഖയാണ് രക്ഷകനായ ഈശോയുടെ ജനനത്തെക്കുറിച്ചുള്ള മംഗളവാർത്ത മറിയത്തെ അറിയിച്ചത്.

രക്ഷകനായ ഈശോയുടെ ജനനത്തെക്കുറിച്ചുള്ള വാർത്തയാണ് മംഗളവാർത്ത.

മറിയം ദൈവത്തിന്റെ ഇഷ്ടത്തിന് സമ്മതം കൊടുത്തു-അങ്ങനെ രക്ഷകനായ ഈശോയുടെ അമ്മയായി.

### b) മനോഭാവങ്ങൾ

ദൈവകൃപ നിറഞ്ഞ മറിയത്തെപ്പോലെ നന്മയിൽ നമ്മൾ ജീവിക്കണം.

മറിയത്തെപ്പോലെ, നാമും ദൈവത്തിന്റെ ഇഷ്ടം സ്വീകരിക്കുന്നവരാകണം.

### c) ശീലങ്ങൾ

അനുസരിക്കുവാൻ പ്രയാസമെന്നു തോന്നുന്ന കാര്യങ്ങൾ പോലും അനുസരിക്കുക..

'കർത്താവിന്റെ മാലാഖ' എന്ന ജപം ദിവസവും ഭക്തിപൂർവ്വം ചൊല്ലുക.

## II. ബോധനോപാധികൾ

വി. ഗ്രന്ഥം, മറിയം, യൗസേപ്പ്, മാലാഖ എന്നിവരുടെ ചിത്രങ്ങൾ.
മാപ്പ് നസ്രത്ത് (വി. നാടിന്റെ).

## III. പാഠാവതരണം

വാർത്തകൾ പരസ്പരം അറിയുവാനും അറിയിക്കുവാനും ഇന്നുള്ള മാർഗങ്ങളെക്കുറിച്ച് ചർച്ചയാകാം. ദൈവം ഒരു പ്രത്യേക വാർത്ത അറിയിച്ച മാർഗം - മാലാഖ - തുടർന്ന് പാഠഭാഗം അവതരിപ്പിക്കാം. പാഠാവതരണത്തിൽ ബ്ലാക്ക് ബോർഡ്, മറ്റ് ബോധനോപാധികൾ എന്നിവ ഉചിതമായ സന്ദർഭങ്ങളിൽ ഉപയോഗിക്കുക.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

**നമുക്ക് പാടാം, പ്രാർത്ഥിക്കാം.**

(മുൻപാഠത്തിലെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക).

**മറിയത്തിന്റെ വാക്കുകൾ പൂർത്തിയാക്കൂ.**

പാഠഭാഗത്തു നിന്നും കുട്ടികൾ എടുത്തെഴുതട്ടെ. ഇഷ്ടമുള്ള നിറം കൊടുക്കട്ടെ.

**വരയ്ക്കാം യോജിപ്പിക്കാം**

നിറമുള്ള വരകൾ കൊണ്ട് വൃത്തിയായി ചേരേണ്ട വാക്കുകൾ തമ്മിൽ യോജിപ്പിക്കട്ടെ. ടീച്ചർ വേണ്ട നിർദ്ദേശങ്ങൾ നൽകുക.

**വാക്കു കണ്ടെത്താമോ?**

വലയത്തിലെ അക്ഷരങ്ങൾ ചേർത്തെഴുതുമ്പോൾ കിട്ടുന്ന 'മംഗളവാർത്ത' എന്ന പദം നിർദ്ദിഷ്ട സ്ഥാനത്ത് വൃത്തിയായി എഴുതട്ടെ.

**നമുക്കനുകരിക്കാം**

ദൈവത്തെ എങ്ങനെയെല്ലാം അനുസരിക്കും എന്ന് കുട്ടികളെക്കൊണ്ട് പറയിക്കാം. അടുത്ത ക്ലാസ്സിൽ അനുഭവങ്ങൾ ചോദിച്ചറിയുക.

**ഉത്തരം കണ്ടെത്താം**

1. നസ്രത്ത്.
2. "ഇതാ കർത്താവിന്റെ ദാസി; നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്കാ 1:38).

## V. അനുബന്ധിത പ്രവർത്തനങ്ങൾ

റോൾപ്ലേ - മംഗളവാർത്ത

'നന്മ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന ചൊല്ലിക്കുക. (ഗാന

രൂപവും ആകാം) STD I ലെ 8-ാം പാഠം ശ്രദ്ധിക്കുക.

'മറിയം' എന്ന മാമ്മോദീസാപേര് ഉള്ളവരെ കണ്ടെത്തുക. അനുമോദിക്കുക.

**ഉത്തരം കണ്ടെത്താം**

1. യൗസേപ്പിന്റെ വംശം ഏത്?
2. മറിയത്തിന്റെ അടുത്തുവന്ന മാലാഖയുടെ പേരെന്ത്?
3. മാലാഖ മറിയത്തോട് ആദ്യം പറഞ്ഞതെന്ത്?
4. സ്നേഹപിതാവായ ദൈവം ചെയ്ത വാഗ്ദാനം എന്തായിരുന്നു.
5. മംഗളവാർത്ത എന്നാലെന്ത്?
6. മറിയം ഈശോയുടെ അമ്മയായതെങ്ങനെ?
7. രാവിലെയും ഉച്ചയ്ക്കും വൈകിട്ടും നാം ചൊല്ലുന്ന പ്രാർത്ഥനയുടെ പേരെന്ത്?
8. ഈ പ്രാർത്ഥനയുടെ മറ്റൊരു പേരെന്ത്?
9. ഈ പ്രാർത്ഥനയിലൂടെ നാം എന്താണ് ഓർമ്മിക്കുന്നത്?
10. നാം എങ്ങനെയാണ് മറിയത്തെ അനുകരിക്കേണ്ടത്?

പാഠം 7

# അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### a) ബോധ്യങ്ങൾ

രക്ഷകനായ ഈശോ ജനിച്ചത് ബേത്‌ലെഹെമിലെ കാലിത്തൊഴുത്തിലാണ്.

ഈശോയുടെ പിറവിത്തിരുനാളാണ് ഡിസംബർ 25-ാം തീയതി ക്രിസ്തുമസ്സായി ആഘോഷിക്കുന്നത്.

### b) മനോഭാവങ്ങൾ

ലോകരക്ഷകനായ ഈശോയെ കാണണമെങ്കിൽ ആട്ടിടയരെപ്പോലെ വിനീതരാകണം.

കാലിത്തൊഴുത്തിൽ ജനിച്ച ഈശോയെപ്പോലെ നാമും ലളിത ജീവിതം നയിക്കണം.

### c) ശീലങ്ങൾ

പ്രാർത്ഥനകൾ, പാട്ടുകൾ, സുകൃതജപങ്ങൾ എന്നിവവഴി ഈശോയെ സ്തുതിക്കുക.

അനാഥരായ ശിശുക്കളെ സഹായിക്കുക - അവർക്കുവേണ്ടി പ്രാർത്ഥിക്കുക.

ക്രിസ്തുമസ്സിനു മുൻപുള്ള 25 നോമ്പിൽ കൊച്ചു കൊച്ചു ത്യാഗങ്ങൾ ചെയ്യുക. (മിഠായി ഉപേക്ഷിക്കുക തുടങ്ങിയവ).

## II. ബോധനോപാധികൾ

വി. ഗ്രന്ഥം, ക്രിസ്തുമസ് കാർഡുകൾ, Map, ക്രിസ്തുമസ് ആഘോഷങ്ങളുടെ ചിത്രങ്ങൾ, ചാർട്ട്, ക്രിസ്തുമസ് ഗാനങ്ങൾ.

## III. പാഠാവതരണം

കുട്ടികളുടെ ജന്മദിനാഘോഷം. ജനനത്തീയതി, ജനിച്ച സ്ഥലം എന്നീ കാര്യങ്ങൾ അവർ പങ്കുവയ്ക്കട്ടെ. കുട്ടികളുടെ ജീവിതാനുഭവത്തിൽ നിന്നും ഈശോയുടെ ജനനത്തെക്കുറിച്ചുള്ള വിശദീകരണത്തിലേക്ക് കടക്കാം. ഈശോയുടെ ജനനത്തിന്റെ വ്യതിരക്തത കുട്ടികൾക്ക് ബോധ്യമാകണം. വിനയത്തിന്റെ മാതൃക.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

**നമുക്ക് പാടാം, പ്രാർത്ഥിക്കാം.**

(മുൻപാഠത്തിലെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക).

**നിറം കൊടുത്ത് ആവർത്തിച്ചെഴുതാം.**

വിവിധ നിറങ്ങൾ കൊടുക്കുക.

**ഉണ്ണിയീശോയുടെ പൂമെത്ത**

സുകൃതജപം ചൊല്ലുവാൻ കുട്ടിയെ പ്രേരിപ്പിക്കുവാനുള്ള ഒരു പ്രവർത്തനം. പൂമെത്ത നിറഞ്ഞതിനുശേഷവും സുകൃതജപം ചൊല്ലുന്നത് കുട്ടികളുടെ ശീലമാകണം. അതിനാവശ്യമായ നിർദ്ദേശങ്ങളും പ്രോത്സാഹനവും നൽകുക.

**ഉത്തരം കണ്ടെത്താം**

1. ബേത്‌ലെഹെം.
2. അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി! ഭൂമിയിൽ ദൈകൃപ ലഭിച്ചവർക്ക് സമാധാനം.
3. ഡിസംബർ 25.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

കഥ പൂർത്തിയാക്കാമോ?

കുട്ടികളെ ഗ്രൂപ്പുകളായി തിരിക്കുക.

ഉണ്ണീശോയുടെ ജനനം കഥാരൂപത്തിൽ അവതരിപ്പിക്കുക. ഒരു ഗ്രൂപ്പിലെ ഒരു കുട്ടി കഥ ആരംഭിക്കുന്നു. ആ ഗ്രൂപ്പിലെ അടുത്ത കുട്ടി ആ കഥ തുടർന്നുകൊണ്ട് രണ്ടോ മൂന്നോ വാചകം പറയുന്നു. ഇങ്ങനെ ഗ്രൂപ്പിലെ എല്ലാവരും ചേർന്ന് കഥ പൂർത്തിയാക്കുന്നു. തുടർന്ന് അടുത്ത ഗ്രൂപ്പിന് അവസരം നൽകുക.

ക്രിസ്തുമസ് ഗീതങ്ങൾ കണ്ടുപിടിച്ച് അടുത്ത ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പ്രേരിപ്പിക്കാം.

ക്രിസ്തുമസ് ആശംസാ കാർഡുകൾ നിർമ്മിക്കുവാൻ നിർദ്ദേശിക്കാം. അവ ക്ലാസ്സിൽ പ്രദർശിപ്പിക്കാം.

**ഉത്തരം കണ്ടെത്താം**

1. ഈശോ ജനിച്ച വാർത്ത ആരാണ് ആദ്യം അറിഞ്ഞത്?
2. ദൈവദൂതൻ ആട്ടിടയരോട് പറഞ്ഞതെന്ത്?
3. പുൽത്തൊട്ടിയിൽ ആട്ടിടയർ കണ്ട ശിശു ആരായിരുന്നു.
4. ഈശോ ബേത്‌ലെഹെമിൽ ജനിച്ചതെന്തുകൊണ്ട്?
5. ബേത്‌ലെഹെമിൽ മറിയത്തിനും യൗസേപ്പിനും താമസിക്കുവാൻ എവിടെയാണ് സ്ഥലം കിട്ടിയത്?
6. മറിയം ഉണ്ണീശോയെ എവിടെയാണ് കിടത്തിയത്?
7. നാം എന്തിനാണ് പുൽക്കൂട് ഉണ്ടാക്കുന്നത്?

## പാഠം 8

# കിഴക്കുദിച്ച നക്ഷത്രം

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### a) ബോധ്യങ്ങൾ

മൂന്നു ജ്ഞാനികൾ ഒരു അത്ഭുത നക്ഷത്രം കണ്ട് ഈശോയുടെ അടുത്തുവന്ന് അവനെ ആരാധിച്ചു.

അവർ ഈശോയ്ക്ക് കാഴ്ചകൾ സമർപ്പിച്ചു.

യൗസേപ്പും മറിയവും ഈശോയോടൊപ്പം നസ്രത്തിൽ ചെന്നു താമസിച്ചു.

### b) മനോഭാവങ്ങൾ

ലോകരക്ഷകനായ ഈശോയെ നാം കുമ്പിട്ടാരാധിക്കണം.

നമ്മുടെ നന്മ പ്രവൃത്തികളും ത്യാഗങ്ങളും ഈശോയ്ക്ക് കാഴ്ചയായി നൽകണം.

### c) ശീലങ്ങൾ

ദൈവാലയത്തിൽ പോയി ഈശോയെ ആരാധിക്കുക.

ദൈവാലയത്തിൽ നേർച്ചയിടുക.

നമുക്കുള്ളവ മറ്റുള്ളവരുമായി പങ്കുവയ്ക്കുക.

## II. ബോധനോപാധികൾ

വി. ഗ്രന്ഥം, ജ്ഞാനികളുടെ ചിത്രം (X'mas Cards) കുന്തുരുക്കം, നക്ഷത്രങ്ങൾ മുതലായവ.

## III. പാഠാവതരണം

വീട്ടിൽ ഒരു കുഞ്ഞു ജനിച്ചാൽ കുഞ്ഞിനെ കാണാനെത്തുന്നവർ കുഞ്ഞിന് സമ്മാനങ്ങൾ കൊടുക്കാറുണ്ടല്ലോ. കുട്ടികളിലെ ഇത്തരം അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിലൂടെ പാഠാവതരണം നടത്താം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### ഗാനം, പ്രാർത്ഥന

(മുൻപാഠത്തിലെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക)

**പദസഞ്ചിയിൽ നിന്നും അക്ഷരങ്ങൾ എടുത്ത് പൂരിപ്പിക്കുക.**

വിട്ടുപോയ അക്ഷരം നിറം കൊടുത്ത് പൂരിപ്പിച്ച് എഴുതട്ടെ.

നക്ഷത്രങ്ങളെ ക്രമീകരിച്ച് കിട്ടുന്ന "ബേത്‌ലെഹെം" എന്ന പദം താഴെയുള്ള നക്ഷത്രങ്ങളിൽ എഴുതട്ടെ. നിറം കൊടുത്ത് എഴുതാം.

**നമുക്കനുകരിക്കാം**

(മുൻപാഠങ്ങളിലെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക).

**നമുക്ക് ഉത്തരം കണ്ടെത്താം**

1. യഹൂദന്മാരുടെ രാജാവായി ജനിച്ചവനെയാണ് ജ്ഞാനികൾ അന്വേഷിച്ചത്.
2. സ്വർണ്ണം, മീറ, കുന്തുരുക്കം.
3. നസ്രത്ത് എന്ന പട്ടണത്തിൽ താമസിച്ചതുകൊണ്ട്.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

പല നിറത്തിലും വലിപ്പത്തിലുമുള്ള നക്ഷത്രങ്ങൾ വരക്കുകയോ ഒട്ടിക്കുകയോ ചെയ്യാം.


**പൂർത്തിയാക്കുക:**

1. ജ്ഞാനികൾ ഉണ്ണീശോയെ കുമ്പിട്ടാരാധിച്ചു.
2. ഹേറോദോസ് ഈശോയെ വധിക്കുവാൻ തീരുമാനിച്ചു.

**റോൾപ്ലേ -**

ജ്ഞാനികളുടെ സന്ദർശനം.

**ഉണ്ണീയീശോയ്ക്ക് ഒരു നക്ഷത്രമെത്ത**



അടുത്ത ക്ലാസ്സിൽ വരുന്നതിനുമുമ്പ് 25 സുകൃതജപം ചൊല്ലി ഈ നക്ഷത്രത്തെ നിറയ്ക്കുക. ഓരോ സുകൃതജപം ചൊല്ലുമ്പോഴും ഒരോ നക്ഷത്രചിഹ്നം കോളത്തിൽ വരയ്ക്കുക.

**ഉത്തരം കണ്ടെത്താം**

1. എവിടെ നിന്നാണ് ജ്ഞാനികൾ ഈശോയെ അന്വേഷിച്ച് വന്നത്?
2. അന്നത്തെ ജറുസലേമിലെ ഭരണാധികാരിയുടെ പേരെന്ത്?
3. ഈശോ എവിടെ ജനിക്കുമെന്നാണ് പുരോഹിതർ പറഞ്ഞത്?
4. ഹേറോദേസ് കുപിതനായതെന്തുകൊണ്ട്?
5. അദ്ദേഹം കല്പിച്ചതെന്ത്?
6. ഈശോ ഹേറോദേസിന്റെ കൈകളിൽ നിന്നും രക്ഷപ്പെട്ടതെങ്ങനെ?
7. സഭ ഡിസംബർ 28-ാം തീയതി ആചരിക്കുന്ന തിരുനാൾ ഏത്?
8. ഹേറോദേസ് മരിച്ചുകഴിഞ്ഞപ്പോൾ യൗസേപ്പ് എന്തു ചെയ്തു?

# പാഠം 9

# ഇവൻ എന്റെ പ്രിയപുത്രൻ

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### a) ബോധ്യങ്ങൾ

ഈശോ യോഹന്നാനിൽ നിന്നും യോർദ്ദാനിൽ വച്ച് മാമ്മോദീസ സ്വീകരിച്ചു. മാമ്മോദീസാ സമയത്ത് ഈശോ തന്റെ പ്രിയപുത്ര നാണെന്ന് ദൈവം വെളിപ്പെടുത്തി.

നമ്മളും മാമ്മോദീസാവഴി ദൈവമക്കളായിത്തീർന്നു.

### b) മനോഭാവങ്ങൾ

മാമ്മോദീസാവഴി ദൈവമക്കളാകുവാൻ അനുഗ്രഹം നൽകിയ ദൈവത്തോട് നന്ദിയുള്ളവരാകണം.

നാം ദൈവമക്കൾക്കനുസരണമായ ജീവിതം നയിക്കണം.

### c) ശീലങ്ങൾ

മാമ്മോദീസാവഴി നമുക്കു ലഭിച്ച സ്ഥാനം പാപം വഴി നഷ്ടപ്പെ ടുത്താതിരിക്കുക.

ദൈവമക്കൾ എന്ന സ്ഥാനം നൽകിയ ദൈവത്തെ ആരാധിക്കു കയും സ്തുതിക്കുകയും ചെയ്യുക.

## II. ബോധനോപാധികൾ

വി. ഗ്രന്ഥം, Map (ജോർദ്ദാൻ നദി, വിശുദ്ധനാട്) ചിത്രങ്ങൾ.

## III. പാഠാവതരണം

മാമ്മോദീസ എന്ന ആഘോഷത്തെക്കുറിച്ച് കുട്ടികളുടെ അനുഭ വങ്ങൾ പങ്കുവയ്ക്കുവാൻ അവസരം നൽകിക്കൊണ്ട് പാഠാവത രണം നടത്താം. മാമ്മോദീസായിലൂടെ ദൈവമക്കൾ സ്ഥാനം ലഭി ക്കുന്നു എന്ന ബോധ്യത്തിന് ഊന്നൽ നൽകണം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

**ഗാനം, പ്രാർത്ഥന**

(മുൻപാഠത്തിലെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക).

**ചിത്രത്തിന് നിറം കൊടുക്കുക**

ടീച്ചറുടെ നിർദ്ദേശമനുസരിച്ച് ക്ലാസ്സിൽ വച്ചോ വീട്ടിൽ വച്ചോ ആകാം. ഉചിതമായ നിറങ്ങൾ കൊടുക്കാൻ നിർദ്ദേശിക്കാം.

**ദൈവവചനം പൂർത്തിയാക്കുക**

നിറം കൊടുത്ത് പൂർത്തിയാക്കി എഴുതട്ടെ. ദൈവവചനം മന:പാഠമാക്കാൻ കുട്ടികളെ പ്രേരിപ്പിക്കുമല്ലോ.

**നിങ്ങൾക്കറിയാമോ?**

വീട്ടിൽ വച്ച് ചെയ്തുകൊണ്ടുവരേണ്ട പ്രവർത്തനം.

**നമുക്കനുകരിക്കാം**


(മുൻപാഠത്തിലെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക).

**ഉത്തരം കണ്ടെത്താം**

1. പ്രവാചകനായിരുന്നു.
2. സ്നാപകയോഹന്നാനിൽനിന്ന്.
3. ഇവൻ എന്റെ പ്രിയപുത്രൻ. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

പദസൂര്യൻ പൂർത്തിയാക്കാമോ?




സ്നാപകയോഹന്നാനെക്കുറിച്ച് ഒരു വിവരണം നൽകാമോ? കുട്ടികൾ സ്നാപകയോഹന്നാനെക്കുറിച്ചുള്ള വിവരണം ക്ലാസ്സിൽ നടത്തട്ടെ.

**ഉത്തരം കണ്ടെത്താം**

1. സ്നാപകയോഹന്നാൻ പ്രസംഗിച്ചതെന്ത്?
2. അദ്ദേഹത്തിന്റെ വസ്ത്രത്തിന്റെ പ്രത്യേകത എന്ത്?
3. എന്തായിരുന്നു അദ്ദേഹത്തിന്റെ ഭക്ഷണം?
4. ഈശോ എവിടെ വച്ചാണ് മാമ്മോദീസാ സ്വീകരിച്ചത്?
5. പ്രാവിന്റെ രൂപത്തിൽ ആരാണ് ഈശോയുടെ മേൽ ഇറങ്ങി വന്നത്?
6. ആരുടെ ശബ്ദമാണ് സ്വർഗത്തിൽ നിന്ന് കേട്ടത്?
7. ജനുവരി 6-ാം തീയതി സഭ ആചരിക്കുന്ന തിരുനാൾ ഏത്?
8. ഈ തിരുനാൾ എന്താണ് നമ്മെ അനുസ്മരിപ്പിക്കുന്നത്?
9. നാം എങ്ങനെയാണ് ദൈവമക്കളായിത്തീർന്നത്?

## പാഠം 10

# ഈശോയും ശിഷ്യന്മാരും

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ:

### a) ബോധ്യങ്ങൾ

ദൈവം ഈശോവഴി നമുക്കു നൽകിയ രക്ഷയുടെ വാർത്തയാണ് സുവിശേഷം.

ഈശോയ്ക്കുവേണ്ടി ഈശോയുടെ ദൗത്യം തുടരുന്നവരാണ് ശിഷ്യന്മാർ.

ഈശോ പ്രത്യേകം തിരഞ്ഞെടുത്തവരാണ് 12 ശിഷ്യന്മാർ.

ക്രിസ്ത്യാനികളായ നാമും ഈശോയുടെ ശിഷ്യരാണ്.

### b) മനോഭാവങ്ങൾ

ഈശോ പഠിപ്പിച്ച കാര്യങ്ങൾ നാം അനുസരിക്കണം.

ഈശോ കരുണകാണിച്ചതുപോലെ നാമും കരുണ കാണിക്കണം.

ഈശോ നമുക്കു നൽകിയ സുവിശേഷം നാം മറ്റുള്ളവരെ അറിയിക്കണം.

### c) ശീലങ്ങൾ

ഈശോയെക്കുറിച്ച് കൂട്ടുകാരോട് പറയുക.

മറ്റുള്ളവരുടെ ആവശ്യങ്ങളിൽ സഹായിക്കുക.

## II. ബോധനോപാധികൾ

വി. ഗ്രന്ഥം, ചാർട്ട്, ചിത്രങ്ങൾ, ഫ്ളാഷ് കാർഡുകൾ (ശ്ലീഹന്മാരുടെ പേരുകൾ).

## III. പാഠാവതരണം

യേശുവിന്റെ അത്ഭുതങ്ങൾ പരാമർശിച്ചിരിക്കുന്ന പാഠഭാഗം - ഇവ രേഖപ്പെടുത്തിയിരിക്കുന്ന ബൈബിൾ ഭാഗങ്ങൾ (മത്താ. 10:1–8) വായിക്കുന്നു. യേശു ചെയ്ത അത്ഭുതങ്ങളെക്കുറിച്ച് കുട്ടികളെ ബോധ്യപ്പെടുത്തുന്നു. ഉചിതമായ ചിത്രങ്ങൾ ഉപയോഗിക്കാം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### ഗാനം, പ്രാർത്ഥന

(മുൻപാഠത്തിലെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക).

### പദസൂര്യൻ പൂർത്തിയാക്കുക

ശ്ലീഹന്മാരുടെ പേരുകൾ ഹൃദിസ്ഥമാക്കുവാൻ സഹായിക്കുന്ന ഒരു പ്രവർത്തനം. ആവശ്യമെങ്കിൽ കുട്ടികൾ പാഠഭാഗത്തു നിന്നും പേരുകൾ നോക്കി എഴുതട്ടെ.

### നമുക്കനുകരിക്കാം

(മുൻപാഠത്തിലെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക).

### നമുക്ക് ഉത്തരം കണ്ടെത്താം

1. നല്ല വാർത്ത.
2. തന്റെ ദൗത്യം തുടരുന്നതിനുവേണ്ടിയാണ് ഈശോ ശ്ലീഹന്മാരെ തെരഞ്ഞെടുത്തത്.
3. മാർതോമാശ്ലീഹ.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

പൂരിപ്പിക്കുക

1. ഈശോ രോഗികളെ സുഖപ്പെടുത്തി.
2. ഈശോ വിശക്കുന്നവർക്ക് ആഹാരം നൽകി.
3. ഈശോ മരിച്ചവരെ ഉയിർപ്പിച്ചു.

ഈശോ കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്ന ബൈബിൾ ഭാഗം കുട്ടികളെ വായിച്ചു കേൾപ്പിക്കാം (മത്താ. 8:1-4).

റോൾപ്ലേ - ഈശോ കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്ന സംഭവം.

### ഉത്തരം കണ്ടെത്താം

1. ഈശോ ജനങ്ങളോട് പ്രസംഗിച്ചതെന്ത്?
2. പിതാവായ ദൈവം സുവിശേഷം എങ്ങനെയാണ് നമുക്ക് നൽകിയത്?
3. ആരാണ് ഈശോയുടെ ശിഷ്യന്മാർ?
4. ശിഷ്യന്മാരിൽ നിന്നും പ്രത്യേകം തെരഞ്ഞെടുത്തവർ ആരാണ്?
5. ഈശോയുടെ ശിഷ്യന്മാർ എങ്ങനെയുള്ളവരായിരുന്നു?
6. ഈശോ അവർക്ക് നൽകിയ കല്പന എന്ത്?
7. ഈശോയുടെ സുവിശേഷം മറ്റുള്ളവരെ അറിയിക്കാൻ നമുക്ക് കടമയുണ്ട്. എന്തുകൊണ്ട്?
8. എങ്ങനെയാണ് മറ്റുള്ളവർക്ക് നാം ഈശോയെ കാണിച്ചുകൊടുക്കേണ്ടത്?

### പാഠം 11

# ജനങ്ങളെ പഠിപ്പിക്കുന്ന ഈശോ

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ:

**a) ബോധ്യങ്ങൾ**

സുവിശേഷസത്യങ്ങൾ ജനങ്ങളെ പഠിപ്പിച്ച ദിവ്യഗുരുവാണ് ഈശോ.

ഈശോയുടെ പ്രബോധനങ്ങളുടെ ഒരു സംഗ്രഹം 'അഷ്ടഭാഗ്യങ്ങൾ' ആണ്.

ഈശോ പഠിപ്പിച്ച പ്രാർത്ഥനയാണ് 'സ്വർഗസ്ഥനായ പിതാവേ'.

ബൈബിളിലൂടെയാണ് ഈശോ നമ്മോടു സംസാരിക്കുന്നത്.

**b) മനോഭാവങ്ങൾ**

ഈശോ പഠിപ്പിച്ച കാര്യങ്ങൾ നാം അനുസരിക്കണം.

ഈശോയാണ് ലോകത്തിന്റെ ഗുരുനാഥൻ എന്ന് നാം അംഗീകരിക്കണം. ഏറ്റു പറയണം.

വി. ഗ്രന്ഥത്തെ ഭക്തിയോടും ആദരവോടും കൂടി സമീപിക്കണം.

**c) ശീലങ്ങൾ**

നമ്മെ ദ്രോഹിക്കുന്നവരെയും സ്നേഹിക്കുക.

എല്ലാ പ്രയാസങ്ങളിലും ദൈവത്തെ ആശ്രയിക്കുക.

ഈശോ പഠിപ്പിച്ച കർത്തൃപ്രാർത്ഥന ഭക്തിയോടെ ചൊല്ലുക.

ദൈവവചനം കേൾക്കാൻ താൽപര്യം കാണിക്കുക. വി. ഗ്രന്ഥത്തെ ആദരവോടുകൂടി കൈകാര്യം ചെയ്യുക.

## II. ബോധനോപാധികൾ

വി. ഗ്രന്ഥം, ചിത്രങ്ങൾ - ലില്ലിപ്പൂക്കൾ - പക്ഷികൾ-ചാർട്ട്.

## III. പാഠാവതരണം

കഥ പറയുന്നവരോട് കുട്ടികൾക്ക് വലിയ ഇഷ്ടമാണ്. കഥ പറ

യുന്നവരുടെ കൂടെ എപ്പോഴും ഉണ്ടായിരിക്കുവാൻ അവർ ആഗ്രഹിക്കുന്നു - താൽപര്യത്തോടെ, ചുറ്റുമിരുന്ന് കഥകേൾക്കും - ഇതുപോലെ ജനങ്ങൾക്ക് ധാരാളം നല്ല കാര്യങ്ങൾ പറഞ്ഞുകൊടുക്കുന്ന ഈശോയ്ക്കു ചുറ്റും എപ്പോഴും ധാരാളം പേർ. മാത്രമല്ല, അവരെ ഈശോ ആശ്വസിപ്പിക്കുന്നു. രോഗങ്ങൾ സുഖമാക്കുന്നു.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

**ഗാനം, പ്രാർത്ഥന.**

(മുൻപാഠത്തിലെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക).

**എന്തുചെയ്യണമെന്ന് കണ്ടുപിടിക്കുക**

തന്നിരിക്കുന്ന പ്രസ്താവനകൾ കുട്ടികൾക്ക് വായിച്ച് മനസ്സിലാക്കിക്കൊടുക്കണം. ശരിയായ പ്രസ്താവനയ്ക്കു നേരെ ☑ അടയാളം രേഖപ്പെടുത്തട്ടെ.

**നിറം കൊടുത്ത് ആവർത്തിച്ചെഴുതുക**

വിവിധ നിറങ്ങൾ ഉപയോഗിക്കട്ടെ.

**പൂർത്തിയാക്കുക**

വായിച്ചുകൊടുത്ത് കുട്ടികളെ സഹായിക്കാം.

**നമുക്കനുകരിക്കാം**

(മുൻപാഠത്തിലെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക).

**ഉത്തരം കണ്ടെത്താം**

1. അഷ്ടഭാഗ്യങ്ങൾ.
2. വി. ബൈബിൾ.
3. ഈശോ.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

**വണങ്ങാം, പാടിസ്തുതിക്കാം.**

ക്ലാസ്സിലെ മേശപ്പുറത്ത് വി. ഗ്രന്ഥം അലങ്കരിച്ച് വയ്ക്കുക. കുട്ടികൾ ഓരോരുത്തരായിവന്ന് പൂക്കൾ അർപ്പിച്ച് വി.ഗ്രന്ഥം തൊട്ടു വന്ദിക്കുന്നു. (പൂക്കൾ കൊണ്ടു വരാൻ തലേആഴ്ചയിൽ നിർദ്ദേശിച്ചിരിക്കണം. പിന്നീട് ടീച്ചറും കുട്ടികളും ചേർന്ന് ഗാനം ആലപിക്കുന്നു.

“സുവിശേഷഗീതികൾ പാടാൻ
യേശുവിൻ സാക്ഷികളാകാൻ
ലോകത്തിലെങ്ങും പോകാൻ
നാഥൻ വിളിക്കുന്നു നമ്മെ
ഇരുളകറ്റീടും വെളിച്ചം
മുറിവുണക്കീടുന്ന തൈലം
സുവിശേഷമാകുന്ന ദാനം
ലോകത്തിനേകുവാൻ പോകാം.”
(ഉചിതമായ വേറെ ഗാനങ്ങളും ആകാം).

## നിറയുന്ന വചനപ്പെട്ടി

ഒരേവലിപ്പമുള്ള കടലാസുകഷ്ണങ്ങൾ കുട്ടികൾക്ക് കൊടുത്തു വിടുക. അടുത്ത ക്ലാസിൽ കുട്ടികൾക്കിഷ്ടമുള്ള ഒരു തിരുവചനം ആ കടലാസിൽ ഭംഗിയായി നിറം കൊടുത്ത് എഴുതിക്കൊണ്ടുവരുവാൻ പറയുക. മാതാപിതാക്കളുടെ സഹായം തേടാൻ നിർദ്ദേശിക്കാം. അടുത്ത ക്ലാസിൽ ടീച്ചർ ഒരു ചാർട്ട് പേപ്പറിൽ ഒരു വലിയ പെട്ടിയുടെ ചിത്രംവരച്ച് ചുമരിൽ തൂക്കുക. കുട്ടികൾ കൊണ്ടുവരുന്ന വചനങ്ങൾ പെട്ടിയുടെ ചിത്രത്തിനുള്ളിൽ ഒട്ടിച്ച് വചനപ്പെട്ടി നിറയ്ക്കാം. കുട്ടികൾ എഴുതിക്കൊണ്ടുവരുന്ന തിരുവചനം അവർ ഹൃദിസ്ഥമാക്കാൻ നിഷ്കർഷിക്കുമല്ലോ. (ചാർട്ടിൽ പെട്ടി വരയ്ക്കുന്നതിനു പകരം കുട്ടികൾ കൊണ്ടുവരുന്ന വചനങ്ങൾ ഒരു പെട്ടിയിൽ ഇടാൻ പറയാം.

## ഉത്തരം കണ്ടെത്താം

1. ആളുകൾ ഈശോയുടെ ചുറ്റും കൂടിയതെന്തിന്?
2. കരുണകാണിക്കുന്നവർക്ക് എന്തു ലഭിക്കുമെന്നാണ് ഈശോ പഠിപ്പിക്കുന്നത്?
3. ആര് ദൈവത്തെ കാണുമെന്നാണ് ഈശോ പറഞ്ഞത്?
4. ആരെയൊക്കെ സ്നേഹിക്കണമെന്നാണ് ഈശോ പറഞ്ഞത്?
5. ദ്രോഹിക്കുന്നവരോട് ക്ഷമിക്കുന്നത് എങ്ങനെയെന്ന് പഠിപ്പിക്കുവാൻ ഈശോ പറഞ്ഞതെന്ത്?
6. ഈശോ പഠിപ്പിച്ച പ്രാർത്ഥന ഏത്?
7. സുവിശേഷ സത്യങ്ങൾ ജനങ്ങളെ പഠിപ്പിച്ച ഈശോ ആരാണ്?
8. ബൈബിളിൽ എന്താണ് രേഖപ്പെടുത്തിയിരിക്കുന്നത്?

പാഠം 12

# കാരുണ്യം കാണിക്കുന്ന ഈശോ

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ:

### a) ബോധ്യങ്ങൾ

ഈശോ കാരുണ്യവാനാണ്.

ഈശോ ധാരാളം രോഗികളെ സുഖപ്പെടുത്തി.

നമ്മളും മറ്റുള്ളവരോട് കരുണ കാണിക്കണമെന്ന് ഈശോ ആഗ്രഹിക്കുന്നു.

### b) മനോഭാവങ്ങൾ

ഈശോ കരുണ കാണിച്ചതുപോലെ വേദനിക്കുന്നവരോട് നാമും കരുണ കാണിക്കണം.

നമ്മോട് കരുണ കാണിക്കുന്ന ഈശോയോട് നാം നന്ദിയും സ്നേഹവും ഉള്ളവരാകണം.

ഈശോയുടെ വചനങ്ങൾ കേൾക്കുവാനും അതനുസരിക്കുവാനും നാം ഉത്സാഹം കാണിക്കണം.

### c) ശീലങ്ങൾ

വീട്ടിൽ വരുന്ന ഭിക്ഷക്കാരെ ആട്ടിയോടിക്കാതെ അവർക്ക് കഴിയുന്ന സഹായം നൽകുക.

അംഗവൈകല്യമുള്ളവരെയും മാനസികാസ്വാസ്ഥ്യമുള്ളവരേയും പരിഹസിക്കാതിരിക്കുക.

വീട്ടിൽ രോഗികളായി കഴിയുന്നവരേയും പ്രായം ചെന്നവരേയും സഹായിക്കുക.

## II. ബോധനോപാധികൾ

മദർതെരേസ രോഗികളെ ശുശ്രൂഷിക്കുന്ന ചിത്രങ്ങൾ, യുദ്ധത്തിൽ മുറിവേറ്റവർ, രോഗികൾ, വൃദ്ധജനങ്ങൾ, അംഗവിഹീനർ തുടങ്ങിയ

വരുടെ ചിത്രങ്ങൾ (ഇവ പത്രങ്ങളിൽ നിന്നും ശേഖരിക്കാം) ഈശോ രോഗികളെ സുഖമാക്കുന്ന ചിത്രങ്ങൾ, ചാർട്ട് (ലൂക്കാ. 6:36).

## III. പാഠാവതരണം

കൽക്കട്ടയിലെ തെരുവുകളിൽ ചുറ്റിനടന്ന് രോഗികളെയും അനാഥരേയും വൃദ്ധരേയും ശുശ്രൂഷിച്ച മദർ തെരേസയുടെ കഥയോ സംഭവമോ അവതരിപ്പിച്ചുകൊണ്ട് പാഠഭാഗത്തേയ്ക്ക് പ്രവേശിപ്പിക്കാം.

ഈശോ ഏറ്റവും വലിയ കാരുണ്യമൂർത്തി - ഈ ബോധ്യം കുട്ടികളിൽ പതിയും വിധം ഈശോ രോഗികളെ സുഖമാക്കിയ സംഭവങ്ങൾ വിശദീകരിക്കാം - ഉചിതമായ ചിത്രങ്ങൾ ഉപയോഗപ്പെടുത്താം. അന്ധന്മാരെ സുഖപ്പെടുത്തുന്ന സംഭവം റോൾപ്ലേ ചെയ്യിക്കാം.

വേദനിക്കുന്നവരോട് എങ്ങനെയൊക്കെ കരുണകാണിക്കാം? ഒരു ചർച്ചയാകാം. കുട്ടികൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ - വൃദ്ധജനങ്ങളോടും, അംഗവൈകല്യമുള്ളവരോടുമുള്ള പെരുമാറ്റം തുടങ്ങിയവ - പ്രത്യേകം പരാമർശിക്കാം.

കരുണയും അലിവും പ്രകടിപ്പിക്കുവാനുള്ള പ്രായോഗികമാർഗങ്ങൾ കുട്ടികളെകൊണ്ടുതന്നെ പങ്കുവയ്പിക്കാം.

'കരുണ കാണിക്കണം' എന്നത് ഈശോയുടെ കല്പനയാണെന്ന ബോധ്യം നൽകണം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

**പാടാം, പ്രാർത്ഥിക്കാം**

(മുൻപാഠത്തിലെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക.)

### സംഭവങ്ങൾ വിവരിക്കാമോ?

കൊടുത്തിരിക്കുന്ന വാക്യങ്ങളുമായി ബന്ധമുള്ള സംഭവങ്ങൾ കുട്ടികൾ വിവരിക്കട്ടെ. അവരുടെ സ്വന്തം ഭാഷയും ഭാവനയും ഉപയോഗിക്കട്ടെ.

### ചിത്രവായന

ചിത്രങ്ങൾ ശ്രദ്ധയോടെ നോക്കി കാര്യം ഗ്രഹിക്കുവാൻ അവസരം നൽകുക. കുട്ടികളുടെ സംശയങ്ങൾ തീർത്തു കൊടുക്കുവാൻ ശ്രദ്ധിക്കണം. പിന്നീട് സംഭവങ്ങൾ ഏതൊക്കെ എന്ന് പറയുവാൻ അവസരം നൽകണം.

പ്രവർത്തനം വ്യക്തിഗതമോ ഗ്രൂപ്പടിസ്ഥാനത്തിലോ ആകാം.

**നമുക്കനുകരിക്കാം**

(മുൻപാഠത്തിലെ നിർദ്ദേശം ശ്രദ്ധിക്കുക).

**ഉത്തരം കണ്ടെത്താം**

1. പാവപ്പെട്ടവരോടും രോഗികളോടും ഈശോയ്ക്ക് അലിവു തോന്നി.
2. കുഷ്ഠരോഗി ഈശോയോട് തന്നെ സുഖപ്പെടുത്തണമേ എന്ന് ആവശ്യപ്പെട്ടു.
3. ഈശോ അവരുടെ കണ്ണുകളിൽ സ്പർശിച്ചുകൊണ്ട് അവരെ സുഖപ്പെടുത്തി.

# V. അനുബന്ധിത പ്രവർത്തനങ്ങൾ

ഈശോ കാരുണ്യം പ്രകടിപ്പിച്ച സംഭവങ്ങൾ ഇനിയും ബൈബിളിൽ ധാരാളം ഉണ്ട്. വി. ഗ്രന്ഥം വായിച്ചു കേൾപ്പിച്ചും, സംഭവങ്ങൾ വിവരിച്ചും അവ ക്ലാസ്സിൽ അവതരിപ്പിക്കാവുന്നതാണ്.

**ദൃക്സാക്ഷി വിവരണം**

തളർവാതരോഗിയെ കിടക്കയോടെ ഈശോയുടെ മുന്നിലിറക്കുന്നതും ഈശോ അയാളെ സുഖപ്പെടുത്തി അയയ്ക്കുന്നതുമായ സംഭവങ്ങൾ വിവരിക്കട്ടെ. സംഭവങ്ങൾ നേരിൽ കണ്ടതായിവേണം അവതരിപ്പിക്കുവാൻ. വീട്ടിലെ വിശേഷങ്ങൾ. പിക്നിക്കിനു പോയപ്പോൾ കണ്ട കാഴ്ചകൾ എന്നിവയൊക്കെ വിവരിക്കുവാൻ കുട്ടികൾക്കറിയാം. ഈ ദൃക്സാക്ഷി വിവരണം നൽകാൻ ടീച്ചർ കുട്ടികൾക്ക് നിർദ്ദേശങ്ങളും പരിശീലനവും മുൻകൂട്ടി നൽകിയിരിക്കണം. മാതാപിതാക്കളുടെ സഹായവും തേടട്ടെ.

**ഉത്തരം കണ്ടെത്താം**

1. ആളുകൾ ഈശോയുടെ ചുറ്റും കൂടിയതെന്തിന്?
2. കുഷ്ഠരോഗി എങ്ങനെയാണ് സുഖം പ്രാപിച്ചത്?
3. തളർവാതരോഗിയെ പുരമുകളിൽകയറി ഓടിളക്കി ഈശോയുടെ അടുത്തെത്തിച്ചത് എന്തുകൊണ്ട്?
4. ഈശോ അയാളോടു പറഞ്ഞതെന്ത്?
5. രണ്ട് അന്ധന്മാർ ഈശോയെ വിളിച്ചു കരഞ്ഞതെന്ത്?
6. ഈശോ ഈ ലോകത്തിലേക്ക് വന്നതെന്തിന്?
7. ഈശോയെ നമുക്ക് എങ്ങനെ അനുകരിക്കാം?
8. ഈശോ എന്താണ് ആഗ്രഹിക്കുന്നത്?

## പാഠം 13

# അപ്പം വർദ്ധിപ്പിക്കുന്ന ഈശോ

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ:

### a) ബോധ്യങ്ങൾ

വിശന്നു തളർന്ന ആളുകൾക്ക് ഈശോ അപ്പം വർദ്ധിപ്പിച്ചു നൽകി തൃപ്തരാക്കി.

ഈശോ നമ്മുടെ ശരീരത്തിനും ആത്മാവിനും ആവശ്യമായ ആഹാരം തരുന്നു.

നമ്മുടെ ആത്മാവിന്റെ ആഹാരമായ വി. കുർബ്ബാനയിലൂടെ നാം ഈശോയെ സ്വീകരിക്കുന്നു.

ദൈവപുത്രനായ ഈശോ നമുക്കു ജീവൻ നൽകാൻ വി. കുർബ്ബാന സ്ഥാപിച്ചു.

### b) മനോഭാവങ്ങൾ

നമ്മുടെ ശരീരത്തിനും ആത്മാവിനും ആഹാരം നൽകുന്ന ഈശോയെ എപ്പോഴും നാം സമീപിക്കണം.

ശരീരത്തിനാവശ്യമായ ഭക്ഷണം കഴിക്കുന്നതോടൊപ്പം ആത്മാവിന്റെ ആഹാരമായ വി. കുർബ്ബാനയും സ്വീകരിക്കണം.

വിശക്കുന്നവർക്ക് അപ്പം പങ്കുവച്ചു നൽകിയ ഈശോയെപ്പോലെ നാമും നമുക്കുള്ള നന്മകൾ പങ്കുവയ്ക്കണം.

### c) ശീലങ്ങൾ

നമ്മുടെ എല്ലാ ആവശ്യങ്ങളിലും ഈശോയുടെ സഹായം തേടുക.

വി. കുർബ്ബാനയിൽ ഭക്തിപൂർവ്വം പങ്കെടുക്കുകയും വി. കുർബ്ബാന യോഗ്യതയോടെ സ്വീകരിക്കുകയും ചെയ്യുക.

നമുക്ക് ദൈവം നൽകിയിരിക്കുന്ന അനുഗ്രഹങ്ങൾ മറ്റുള്ളവർക്കു കൂടി പങ്കുവയ്ക്കുവാൻ തയ്യാറാവുക.

യേശുവേ നന്ദി, യേശുവേ സ്തോത്രം എന്ന് ആവർത്തിച്ചു ചൊല്ലി ഈശോയെ സ്തുതിക്കുക.

## II. ബോധനോപാധികൾ

വി. ഗ്രന്ഥം, ഈശോയെ പിൻതുടരുന്ന ആൾക്കൂട്ടത്തിന്റെ ചിത്രം, അപ്പം വർദ്ധിപ്പിച്ച് ആളുകൾക്കു നല്കുന്ന ചിത്രം, കുട്ടിക്ക് ആഹാരം നൽകുന്ന അമ്മയുടെ ചിത്രം, ഫ്ളാഷ് കാർഡുകൾ (2,5,5000) ചാർട്ട് – "വി. കുർബ്ബാന ജീവന്റെ അപ്പം." വി. കുർബ്ബാന സ്വീകരിക്കുന്ന കുട്ടിയുടെ ചിത്രം.

## III. പാഠാവതരണം

കുട്ടികൾക്ക് വിശക്കുമ്പോഴുണ്ടാകുന്ന അനുഭവങ്ങളെക്കുറിച്ചുള്ള ഒരു ചർച്ചയാകാം. വിശക്കുമ്പോൾ നിങ്ങൾ ആരെയാണ് സമീപിക്കുക? ആരാണ് ഭക്ഷണം നൽകുന്നത്? എന്തിനാണ് ഭക്ഷണം കഴിക്കുന്നത്? നിങ്ങൾക്കു വിശന്നാൽ അമ്മക്ക് എന്താണ് തോന്നുക? ചർച്ചയിൽ കുട്ടികൾ സ്വന്തം അനുഭവങ്ങൾ സ്വതന്ത്രമായി പങ്കുവയ്ക്കട്ടെ. വിശക്കുന്നവരോട് ഒരമ്മയേക്കാൾ കൂടുതൽ അനുകമ്പകാണിച്ച ഈശോയുടെ കഥയിലേയ്ക്ക് കുട്ടികളെ നയിക്കാം. ബോധനോപാധികളുടെ യഥാവിധമുള്ള ഉപയോഗം പാഠാവതരണത്തെ ഫലവത്താക്കുമെന്നത് ഓർമ്മിക്കുമല്ലോ.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### പാടാം. പ്രാർത്ഥിക്കാം

(മുൻപാഠത്തിലെ നിർദ്ദേശം ശ്രദ്ധിക്കുക).

### സംഭവങ്ങൾ നടന്ന ക്രമത്തിൽ കുട്ടകളെ ക്രമീകരിക്കുക

പ്രവർത്തനവുമായി ബന്ധപ്പെട്ട പാഠഭാഗം ഒന്നുകൂടി വായിക്കാൻ അവസരം നൽകാം. ശരിയായ വാചകം നിറംകൊടുത്ത് എഴുതട്ടെ.

### ബന്ധം പറയുക

സംഖ്യകളും സംഭവങ്ങളുമായുള്ള ബന്ധങ്ങൾ കുട്ടികൾ സ്വന്തം വാചകങ്ങളിൽ പങ്കുവയ്ക്കട്ടെ.

**നിറം കൊടുക്കാം**

ഉചിതമായ നിറങ്ങൾ കൊടുക്കാൻ നിർദ്ദേശിക്കാം.

**നമുക്കനുകരിക്കാം**

(മുൻപാഠത്തിലെ നിർദ്ദേശം ശ്രദ്ധിക്കുക).

**ഉത്തരം കണ്ടെത്താം**

1. ഈശോ വർദ്ധിപ്പിച്ച 5 അപ്പവും 2 മീനും ഒരു ബാലന്റെ കൈയ്യിൽ നിന്നുമാണ് ലഭിച്ചത്.
2. ഈശോ അയ്യായിരം പേരെയാണ് അപ്പം വർദ്ധിപ്പിച്ചു നൽകി തൃപ്തരാക്കിയത്.
3. വി. കുർബാനയാണ് നമ്മുടെ ജീവന്റെ അപ്പം.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

**പാടിസ്തുതിക്കാം.**

"ജീവന്റെ അപ്പമേ, ദിവ്യകാരുണ്യമേ

നിന്നെ സ്തുതിക്കുന്നു ഞങ്ങൾ

ആത്മാവിൻ ഭോജ്യമേ ആത്മസന്തോഷമേ

നിന്നെ പുകഴ്ത്തുന്നു ഞങ്ങൾ

ടീച്ചറും കുട്ടികളും ഒന്നിച്ച് ക്ലാസ്സിൽ പലപ്രാവശ്യം ഈ ഗാനം ആവർത്തിക്കാം. സാധിക്കുമെങ്കിൽ ദൈവാലയത്തിൽ വി. സക്രാരിക്കുമുന്നിൽ മുട്ടുകുത്തി ഈ ഗാനം ടീച്ചറും കുട്ടികളും ചേർന്ന് ആലപിക്കാം.

**കഥ തുടരാം**

ഈശോ അപ്പം വർദ്ധിപ്പിക്കുന്ന സംഭവം കഥാരൂപത്തിൽ അവതരിപ്പിക്കട്ടെ. സ്വന്തം വാചകങ്ങളിൽ ആകർഷകമായി കഥപറയാൻ കുട്ടികളെ പ്രേരിപ്പിക്കാം. ഒരു കുട്ടി കഥ ആരംഭിക്കട്ടെ. ടീച്ചർ ഒരു പ്രാവശ്യം കയ്യടിക്കുമ്പോൾ ആ കുട്ടി പറഞ്ഞിരുന്ന വാചകം പൂർത്തിയാക്കി കഥ നിർത്തുന്നു. അടുത്ത കുട്ടി കഥ തുടരുന്നു. ടീച്ചർ കൈയ്യടിക്കുമ്പോൾ നിർത്തുന്നു. അടുത്ത കുട്ടി തുടരുന്നു. ഈ രീതിയിൽ പലർ ചേർന്ന് കഥ പൂർത്തിയാക്കുന്നു.

**ഉത്തരം കണ്ടെത്താം**

1. ഈശോയും ശിഷ്യന്മാരും എന്തിനാണ് ദൂരെയുള്ള ഒരു സ്ഥലത്തേക്കു പോയത്?
2. ആളുകൾക്ക് ഭക്ഷണം കൊടുക്കുവാൻ ഈശോ ആരോടാണ് പറഞ്ഞത്?
3. ശിഷ്യന്മാർ വിഷമിച്ചതെന്തുകൊണ്ട്?
4. ബാലന്റെ കൈയ്യിൽ എത്ര അപ്പവും മീനുമാണുണ്ടായിരുന്നത്?
5. ഈശോ 5 അപ്പവും 2 മീനും എന്തു ചെയ്തു?
6. നമ്മുടെ ആത്മാവിന്റെ ആഹാരം ഏത്?
7. ആരെയാണ് വി. കുർബ്ബാനയിൽ നാം സ്വീകരിക്കുന്നത്?
8. ഈശോ എന്തിനാണ് വി. കുർബ്ബാന സ്ഥാപിച്ചത്?

പാഠം 14

# നമുക്കുവേണ്ടി മരിച്ച ഈശോ

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ:

### a) ബോധ്യങ്ങൾ

പീലാത്തോസ് ഈശോയെ കുരിശിൽ തറച്ചുകൊല്ലുവാൻ വിധിച്ചു. ഗാഗുൽത്താമലയിൽ ഈശോയെ അവർ കുരിശിൽ തറച്ചു. കുരിശിൽ കിടന്നുകൊണ്ട് പീഡിപ്പിച്ചവർക്കുവേണ്ടി ഈശോ പ്രാർത്ഥിച്ചു.

നമ്മുടെ രക്ഷയ്ക്കുവേണ്ടിയാണ് ഈശോ കുരിശിൽ മരിച്ചത്.

### b) മനോഭാവങ്ങൾ

നമുക്കുവേണ്ടി കുരിശിൽ മരിച്ച ഈശോയെ സ്നേഹിക്കണം.

നമ്മെ വേദനിപ്പിക്കുന്നവരോട് നാം ക്ഷമിക്കണം.

മറ്റുള്ളവരുടെ മേൽ ഇല്ലാത്ത കുറ്റങ്ങൾ ആരോപിക്കാതിരിക്കണം.

### c) ശീലങ്ങൾ

തെറ്റുകൾ ചെയ്ത് ഈശോയെ വേദനിപ്പിക്കരുത്.
ആരെയും മനഃപൂർവ്വം ദ്രോഹിക്കരുത്.
നമ്മെ വേദനിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക.
മറ്റുള്ളവർക്കുവേണ്ടി നമ്മുടെ ഇഷ്ടങ്ങൾ മാറ്റിവയ്ക്കുക.

## II. ബോധനോപാധികൾ

"കുരിശിന്റെ വഴിയുടെ" ചിത്രങ്ങൾ മുൾമുടിയണിഞ്ഞ ക്രിസ്തുവിന്റെ ചിത്രം. കുരിശിൽ കിടക്കുന്ന ഈശോയുടെ ചിത്രം, വധിക്കപ്പെട്ട ചില രാഷ്ട്രനേതാക്കളുടെ ചിത്രം-ഗാന്ധിജി, ലിങ്കൺ, ചാർട്ട് (യൂദന്മാരുടെ നസ്രായൻ ഈശോ". പിതാവേ, ഇവരോടു ക്ഷമിക്കണമേ) വി. ഗ്രന്ഥം, കുരിശുരൂപം.

## III. പാഠാവതരണം

രാജ്യത്തിനുവേണ്ടി ജീവനർപ്പിച്ച നേതാക്കന്മാരെ പരിചയപ്പെടുത്താം. അവരൊക്കെ ഒരു രാജ്യത്തിനുവേണ്ടി മാത്രം ജീവൻ നൽകി. എന്നാൽ ലോകത്തിലുള്ള എല്ലാ മനുഷ്യരെയും രക്ഷിക്കുവാൻവേണ്ടി ജീവനർപ്പിച്ച്, ഈശോയെ അവതരിപ്പിക്കാം. ഈശോയുടെ വേദനകളുടെ തീവ്രത - ചമ്മട്ടിയടി, മുൾമുടി, ഭാരമുള്ള കുരിശു ചുമത്തൽ, കൈകാലുകളിൽ ഇരുമ്പാണികൾ.

അപമാനം - മുഖത്ത് തുപ്പൽ, മുൾമുടിധാരണം, കള്ളന്മാരുടെ ഒപ്പമുള്ള ക്രൂശാരോഹണം. കുരിശിൻ മുകളിലെ ഫലകം - പടയാളികളുടേയും മറ്റ് ആളുകളുടേയും പരിഹാസം.

ഇതെല്ലാം നമുക്കുവേണ്ടിയാണെന്ന ബോധ്യം കുട്ടികളിൽ ജനിക്കട്ടെ.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

"മിശിഹാ നമുക്കുവേണ്ടി" എന്ന ജപം ഹൃദിസ്ഥമാക്കുവാൻ നിർദ്ദേശിക്കാം.

**ഗാനം**

(മുൻപാഠത്തിലെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക).

**പ്രാർത്ഥന പൂർത്തിയാക്കൂ**

നിറം കൊടുത്ത് കുട്ടികൾ എഴുതട്ടെ.

**പൂരിപ്പിക്കാം**

പൂരിപ്പിക്കുവാൻ കുട്ടിയെ സഹായിക്കാം.

**നമുക്കനുകരിക്കാം**

(മുൻപാഠത്തിലെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക).

**ഉത്തരം കണ്ടെത്താം**

1. നമ്മുടെ രക്ഷയ്ക്കുവേണ്ടിയാണ് ഈശോ കുരിശിൽ മരിച്ചത്.
2. ഗാഗുൽത്താ.
3. "പിതാവേ, ഇവരോടു ക്ഷമിക്കണമേ".

## V. അനുബന്ധിത പ്രവർത്തനങ്ങൾ

ഇവർ ചെയ്തതെന്ത്?

1. യൂദാസ് സ്കറിയോത്ത
2. പീലാത്തോസ്
3. യഹൂദപ്രമാണിമാർ

**ഇവ ഈശോയെ വേദനിപ്പിച്ചതെങ്ങനെ?**

1. ചമ്മട്ടി.
2. മുൾക്കിരീടം.
3. മരക്കുരിശ്.
4. ഇരുമ്പാണികൾ.

**നിങ്ങൾ എന്തുചെയ്യും? പറയാമോ?**

"തലയിൽ മുൾമുടി ചൂടി, മുഖമാകെ രക്തവും വിയർപ്പും ഒഴുകി, ഭാരമുള്ള കുരിശും താങ്ങി ഈശോ വരുന്നത് നിങ്ങൾ കാണുന്നു. ഈശോ നിങ്ങളെ നോക്കുന്നു."

ഈ സന്ദർഭം കുട്ടികൾക്ക് വിശദീകരിച്ചു നൽകുക. എങ്ങനെ കുട്ടികൾ പ്രതികരിക്കുമെന്ന് ഭാവനയിൽ കാണുവാൻ അവസരം നൽകുക. പിന്നീട് ഓരോരുത്തരുടെ പ്രതികരണം പങ്കുവയ്പിക്കാം.

**വരയ്ക്കാം, നിറം കൊടുക്കാം, നിർമ്മിക്കാം.**

രക്ഷയുടെ അടയാളമായ കുരിശിന്റെ ചിത്രം കുട്ടികൾ വരയ്ക്കട്ടെ. പലതരം വസ്തുക്കൾ കൊണ്ട് കുരിശുകൾ ഉണ്ടാക്കുവാൻ അവസരം നൽകാം. (വീട്ടിൽ വച്ച് ചെയ്യേണ്ട പ്രവർത്തനം) കുട്ടികൾ ഉണ്ടാക്കുന്ന വസ്തുക്കൾ ക്ലാസ്സിൽ പ്രദർശിപ്പിക്കാം.

**ഉത്തരം കണ്ടെത്താം**

1. ജനപ്രമാണികൾക്ക് ഈശോയോട് ദേഷ്യം തോന്നിയതെന്തുകൊണ്ട്?
2. ഈശോയെ ശത്രുക്കൾക്ക് കാണിച്ചുകൊടുത്തതാര്?
3. ഈശോയെ കുരിശിൽ തറയ്ക്കുവാൻ വിധിച്ചതാര്?
4. പടയാളികൾ എങ്ങനെയാണ് ഈശോയെ പീഡിപ്പിച്ചത്?
5. ഈശോയുടെ കുരിശിന്റെ ഇടത്തും വലതും ആരെയാണ് കുരിശിൽ തറച്ചത്?
6. ഈശോയുടെ കുരിശിന്റെ മുകളിൽ എഴുതിവെച്ചതെന്ത്?
7. ദുഃഖവെള്ളിയാഴ്ച നാം എന്താണ് ആചരിക്കുന്നത്?
8. നമുക്കുവേണ്ടി മരിച്ച ഈശോയോട് നാം എങ്ങനെ പെരുമാറണം?

## പാഠം 15
# ഉയിർത്തെഴുന്നേറ്റ ഈശോ

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ:
### a) ബോധ്യങ്ങൾ

ഈശോ മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു.

ഈശോയുടെ ഉയിർപ്പു തിരുനാളാണ് ഈസ്റ്റർ.

ഉയിർപ്പിന്റെ 40-ാം നാൾ ഈശോ സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തു.

ഉയിർത്തെഴുന്നേറ്റ ദൈവപുത്രനായ ഈശോ നമ്മുടെ കർത്താവും ദൈവവുമാണ്.

ഈശോവഴി നാമും സ്വർഗ്ഗത്തിൽ എത്തിച്ചേരേണ്ടവരാണ്.

### b) മനോഭാവങ്ങൾ

ഉയിർത്തെഴുന്നേറ്റ ഈശോ കർത്താവും ദൈവവുമാണെന്ന് വിശ്വസിച്ച് നാം ഏറ്റുപറയണം.

നമുക്കുവേണ്ടി മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത ഈശോയെ നാം സ്തുതിക്കുകയും ആരാധിക്കുകയും വേണം.

ഈശോയ്ക്ക് ഇഷ്ടപ്പെട്ട ജീവിതം നയിച്ച് ഈശോ വഴി നാം സ്വർഗത്തിൽ പിതാവായ ദൈവത്തിന്റെ അടുത്തേക്ക് എത്തിച്ചേരണം.

### c) ശീലങ്ങൾ

നന്മ പ്രവൃത്തികൾ ചെയ്ത് ജീവിക്കുക.

പ്രാർത്ഥനകൾ, സുകൃതജപങ്ങൾ, വി.കുർബാന എന്നിവ വഴി കർത്താവും ദൈവവുമായ ഈശോയ്ക്ക് സ്തുതിയും ആരാധനയും നൽകുക.

## II. ബോധനോപാധികൾ

വി. ഗ്രന്ഥം, ഉയിർപ്പിന്റെ ചിത്രം, 'സ്വർലോകരാജ്ഞി' എന്ന പ്രാർത്ഥന എഴുതിയ ചാർട്ട്.

## III. പാഠാവതരണം

ഉയിർപ്പു ഞായറാഴ്ചയിലെ ചടങ്ങുകളെക്കുറിച്ചുള്ള കുട്ടികളുടെ അനുഭവങ്ങൾ പറയിപ്പിക്കാം - അതിലൂടെ ഈശോയുടെ ഉയിർപ്പ് സംഭവം അവതരിപ്പിക്കാം. രസകരവും ആകർഷകവുമായ രീതിയിൽ ഉയിർപ്പ് സംഭവം വിവരിക്കാം. (യോഹ. 20-ാം അധ്യായം വായിച്ചു കേൾപ്പിക്കുകയുമാവാം.) ഈശോ ദൈവപുത്രനാണെന്നുള്ളതിന്റെ തെളിവാണ് അവിടുത്തെ ഉയിർപ്പ് എന്ന് കുട്ടികളെ ബോധ്യപ്പെടുത്തണം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

**പാടാം, പ്രാർത്ഥിക്കാം**

(മുൻപാഠത്തിലെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക).

**സംഭവിച്ച ക്രമത്തിൽ**

സംഭവങ്ങൾ വായിച്ചുകൊടുത്ത് സഹായിക്കാം.

**നിറംകൊടുത്ത് ആവർത്തിച്ചെഴുതുക**

പല നിറങ്ങൾ ഉപയോഗിക്കാം.

**നമുക്കനുകരിക്കാം**

(മുൻപാഠത്തിലെ നിർദ്ദേശങ്ങൾ).

**ഉത്തരം കണ്ടെത്താം**

1. ഉയിർപ്പു തിരുനാൾ (ഈസ്റ്റർ).
2. മഗ്ദലേന മറിയത്തിന്.
3. സമാധാനം നിങ്ങളോടുകൂടെ.
4. നാല്പതാം നാൾ.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

**ഉയിർത്തെഴുന്നേറ്റ ഈശോയെ പാടിസ്തുതിക്കാം**

സർവ്വേശ പുത്രനുയിർത്തു
സമ്മോദമെങ്ങും തളിർത്തു
സ്വർല്ലോക വാതിൽ തുറന്നു
ദിവ്യപ്രകാശം പരന്നു
മർത്ത്യനെത്തേടിയണഞ്ഞു

മർത്ത്യനു ശാന്തി പകർന്നു!
വാഴ്ത്തുന്നു നിൻ ദിവ്യനാമം
നൽകണമേ സ്വർഗ്ഗദാനം
(ഉയിർപ്പു തിരുനാളിനോടനുബന്ധിച്ചുള്ള കർമ്മത്തിൽ നിന്ന്).

**റോൾപ്ലേ -**

ഭക്തസ്ത്രീകൾ കല്ലറയിൽ ചെല്ലുന്നതും ദൈവദൂതന്മാർ ഈശോ ഉയിർത്ത വാർത്ത അറിയിക്കുന്നതും പിന്നീട് ഈശോ മഗ്ദലേ മറിയത്തിന് പ്രത്യക്ഷപ്പെടുന്നതുമായ രംഗങ്ങൾ കുട്ടികളെക്കൊണ്ട് അഭിനയിപ്പിക്കാം. ആവശ്യമായ നിർദ്ദേശങ്ങൾ ടീച്ചർക്കു നൽകുമല്ലോ.

**യോജിപ്പിക്കാമോ?**

| | | |
|---|---|---|
| ഈശോ | - | യഹൂദപ്രമാണി. |
| നിക്കോദേമോസ് | - | അരമത്തിയാക്കാരൻ. |
| മഗ്ദലേന മറിയം | - | സമാധാനം നിങ്ങളോടുകൂടെ. |
| ജോസഫ് | - | ഈശോ ആദ്യമായി പ്രത്യക്ഷപെട്ടു. |

**ഉയിർപ്പു ഞായറാഴ്ച മുതൽ ചൊല്ലേണ്ട ജപം കുട്ടികളെ പരിചയപ്പെടുത്താം**

സ്വർല്ലോകരാജ്ഞി ആനന്ദിച്ചാലും!
ഹല്ലേലൂയ്യ.
എന്തെന്നാൽ ഭാഗ്യവതിയായ അങ്ങയുടെ ഉദരത്തിൽ അവതരിച്ചയാൾ! ഹല്ലേലൂയ്യ.
അരുളിചെയ്തപോലെ ഉയിർത്തെഴുന്നേറ്റു!
ഹല്ലേലൂയ്യ.
ഞങ്ങൾക്കുവേണ്ടി സർവേശ്വരനോടു പ്രാർത്ഥിക്കണമേ!
ഹല്ലേലൂയ്യ.
കന്യാകാമറിയമേ ആമോദിച്ചാനന്ദിച്ചാലും!
ഹല്ലേലൂയ്യ.
എന്തെന്നാൽ കർത്താവ് സത്യമായി ഉയിർത്തെഴുന്നേറ്റു!
ഹല്ലേലൂയ്യ.

**പ്രാർത്ഥിക്കാം**

സർവ്വേശ്വരാ, അങ്ങയുടെ പുത്രനും ഞങ്ങളുടെ കത്താവുമായ ഈശോമിശിഹായുടെ ഉത്ഥാനത്താൽ ലോകത്തെ ആനന്ദിപ്പിക്കുവാൻ അങ്ങ് തിരുമനസ്സായല്ലോ. അവിടുത്തെ മാതാവായ കന്യകാമറിയം മുഖേന ഞങ്ങൾ നിത്യാനന്ദം പ്രാപിക്കുവാൻ അനുഗ്രഹം നൽകണമേ എന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.